# ശാംഭവി

ത്രൈമാസിക

പുസ്തകം 6 | ഒക്ടോബർ – ഡിസംബർ 2017 | ലക്കം 4



ശാംഭവി
ഒക്ടോബർ - ഡിസംബർ 2017
A Tribute to Kashmir Shaivism

## പത്രാധിപക്കുറിപ്പ്

ശാംഭവി ഈ ലക്കം മുതൽ ഒരു പുതുവേഷം ധരിച്ച് അരങ്ങിലെത്തുന്നു. കാശ്മീർ ശൈവദർശനം എന്ന് ഇന്നറിയപ്പെടുന്ന പരമാദ്വയവാദം (സംവിദദ്വയവാദം അഥവാ ശിവാദ്വയവാദം) കേരളത്തിൽ പ്രചരിപ്പിക്കുക എന്നതാണ് ഞങ്ങളുടെ ഉദ്ദേശ്യം. ശങ്കരാചാര്യരുടെ അദ്വൈതം കേരളത്തിൽ പ്രചരിക്കുന്നതിനു മുമ്പ് ഈ ദർശനം ഇവിടെ നിലനിന്നിരുന്നു. ശങ്കരദർശനം ബുദ്ധിയ്ക്ക് വിഷയമാകുന്നുവെങ്കിൽ ഇത് പച്ചയായ മനുഷ്യന് ഹൃദയാവർജ്ജകമായും ജാതിമതസ്പർദ്ധകൊണ്ട് കലുഷിതമായ സമൂഹത്തിന് വഴികാട്ടിയായും ഭവിക്കുമെന്നത് നിസ്തർക്കമായ കാര്യമാണ്. മാത്രമല്ല, ആസേതുഹിമാചലം എന്ന് ഭാരതഖണ്ഡത്തെ പറയുന്നപോലെ ആകാശ്മീരകേരളം ഒന്നായി ഭാരതജനത ജീവിച്ചിരുന്നു എന്നതിന്റെ തെളിവാണ് ഭാരതത്തിന്റെ ഒരറ്റത്തുള്ള ഈ കാശ്മീരശൈവദർശനം തെക്കേ അറ്റത്തുള്ള കേരളത്തിൽ ഒരു കാലത്ത് പ്രചുരപ്രചാരം നേടിയെന്നത്. അണ്ണാറക്കണ്ണനും തന്നാലായത് എന്നപോലെ ഞങ്ങളും യഥാശക്തി ഇതിനുവേണ്ടി പരിശ്രമിയ്ക്കാൻ ആഗ്രഹിക്കുന്നു. തുടങ്ങിവയ്ക്കുക എന്നതാണ് ഞങ്ങളുടെ ദൗത്യം. ശിവേച്ഛയാൽ അനേകം പേർ അതേറ്റുപിടിക്കും എന്ന ഉറപ്പോടെ.

പുസ്തകം 6 ലക്കം 24
ഒക്ടോബർ - ഡിസംബർ 2017

ഒരു വർഷത്തേയ്ക്ക് : 60 രൂപ

ശ്രീപുരം പബ്ലിക്കേഷൻസ്
മാടായിക്കോണം
ഇരിങ്ങാലക്കുട
തൃശ്ശൂർ - 680 712
shripuramtrust@yahoo.co.in.
www.shripuram.org

പത്രാധിപർ
പ്രകാശ് ഡി.

പത്രാധിപസമിതി
എൽ. ഗിരീഷ്കുമാർ
കെ.പി. ശ്രീധരൻ നമ്പൂതിരി
ഡോ. അജിതൻ പി.ഐ.
ടി.ജി. വിഷ്ണു
കണ്ണൻ കെ.എസ്.
അനൂപ് എസ്.യു.

പ്രസാധകൻ
ശ്രീകാന്ത് സി.

പുറംചട്ട രൂപകല്പന
ഉണ്ണികൊണ്ടമറുക്.

അക്ഷരവിന്യാസം, രൂപകല്പന
രവി പാറക്കുന്നം, തൃശ്ശൂർ.

മുദ്രണം
മമ ഓഫ്സെറ്റ് പ്രിന്റ്,
നട, ഇരിങ്ങാലക്കുട

# വിഷയവിവരം

1. ശംഭുസ്തോത്രം

2

2. സംസ്കൃതപഠനം (32)

5

3. ഭഗവദ്ഗീതാ - ഒരു പുനർവായന (12)

10

4. കാശ്മീര ശൈവസമ്പ്രദായം

12

5. പരമാർത്ഥസാരം (1)

16

6. ഔഷധസസ്യങ്ങൾ (19)
ഉഴിഞ്ഞ

23

7. ശിവസ്തോത്രാവലി (1)

24

8. കുട്ടികളുടെ വാല്മീകിരാമായണം (13)

27

9. ലളിതാസഹസ്രനാമം (23)

30

# ശംഭുസ്തോത്രം

സമ്പാദക : അപർണ്ണാദേവി എ.

*നാനായോനിസഹസ്രകോടിഷു മുഹുഃ സംഭൂയ സംഭൂയ തദ്-*
*ഗർഭാവാസനിരന്തദുഃഖനിവഹം വക്തും ന ശക്യം ച തത്.*
*ഭൂയോ ഭൂയ ഇഹാനുഭൂയ സുതരാം കഷ്ടാനി നഷ്ടോസ്മ്യഹം*
*ത്രാഹി ത്വം കരുണാതരങ്ഗിതദൃശാ ശംഭോ ദയാംഭോനിധേ.* 1

നാനാതരത്തിലുള്ള ആയിരം കോടി ജീവയോനികളിൽ വീണ്ടുംവീണ്ടും വന്നു നിരന്തരമായി ഗർഭവാസം നടത്തി അതിൽനിന്നുണ്ടാകുന്ന ദുഃഖസമുദായത്തെപ്പറ്റി പറയുവാൻ സാധ്യമല്ല. അത്രയ്ക്കുണ്ട് വിവിധ തരത്തിലുള്ള ദുഃഖങ്ങൾ. അവയെല്ലാം ഈ ലോകത്ത് വീണ്ടുംവീണ്ടും അനുഭവിച്ച് നഷ്ടപ്രജ്ഞനായിരിക്കുന്നു. ഹേ ശംഭോ! ദയാസമുദ്രമേ കരുണാമയമായ കൺകളാൽ നീ എന്നെ രക്ഷിക്കു.

*ബാല്യേ താഡനപീഡനൈർബഹുവിധൈഃ പിത്രാദിഭിർബോധിത-*
*സ്തത്കാലോചിതരോഗജാലജനിതൈർദുഃഖൈരലം ബാധിതഃ*
*ലീലാലൗല്യഗുണീകൃതൈശ്ച വിവിധൈർദുശ്ചേഷ്ടിതൈഃ ക്ലേശിതഃ*
*സോ/ഹം ത്വാം ശരണം വ്രജാമ്യവ വിഭോ ശംഭോ ദയാംഭോനിധേ.* 2

ബാല്യത്തിൽ അച്ഛൻ, അമ്മ, മറ്റു ബന്ധുക്കൾ തുടങ്ങിയവർ പലവിധത്തിലുള്ള അടി, ശകാരം തുടങ്ങിയവയാൽ നേരെയാക്കാൻ ശ്രമിച്ചിട്ടുണ്ട്. അതതു കാലത്തുണ്ടാകുന്ന രോഗങ്ങൾ നിമിത്തമുള്ള ദുഃഖം എന്നെ ബാധിച്ചു. ലൗകികമായയുടെ പന്താട്ടത്താൽ ഇരട്ടിച്ചതും വിവിധങ്ങളുമായ ദുഷ്ടചേഷ്ടകളാൽ ബുദ്ധിമുട്ടിയിട്ടുമുണ്ട്. അങ്ങനെയുള്ള ഞാൻ അങ്ങയെ ശരണം പ്രാപിയ്ക്കുന്നു. വിഭോ! ദയയുടെ സാഗരമേ! എന്നെ രക്ഷിക്കു.

*താരുണ്യേ മദനേന പീഡിതതനുഃ കാമാതുരഃ കാമിനീ-*
*സക്തസ്തദ്വശഗഃ സ്വധർമ്മവിമുഖഃ സദ്ഭിഃ സദാ ദൂഷിതഃ*
*കർമ്മാകാർഷമപാരനാരകഫലം സൗഖ്യാശയാ ദുർമതി-*
*സ്ത്രാഹി ത്വം കരുണതരങ്ഗിതദൃശാ ശംഭോ ദയാംഭോനിധേ.* 3

യൗവനത്തിൽ കാമത്താൽ പീഡിപ്പിയ്ക്കപ്പെട്ട ശരീരത്തോടുകൂടിയവനും കാമത്താൽ ദുഃഖിതനായി സ്ത്രീവശംവദനായി. സ്വധർമ്മത്തിൽ

നിന്ന് വ്യതിചലിച്ച എന്നിൽ എപ്പോഴും സജ്ജനങ്ങൾ ദോഷം ആരോപിച്ചു. സുഖമാശിച്ച് കാമാക്രാന്തനായി അപാരമായ നരകഫലം അനുഭവിച്ച ഒരു ദുഷ്ടബുദ്ധിയുള്ളവനായ എന്നെ അങ്ങ് ശംഭോ! ദയാസാഗരമേ! കരുണാമയമായ കൺകളാൽ രക്ഷിക്കു.

*വൃദ്ധത്വേ ഗളിതാഖിലേന്ദ്രിയബലോ വിഭ്രഷ്ടദന്താവലിഃ*
*ശ്വേതീഭൂതശിരാഃ സുജർജരതനുഃ കമ്പാശ്രയോ/നാശ്രയഃ*
*ലാലോച്ഛിഷ്ടപുരീഷമൂത്രസലീലക്ലിന്നോ/സ്മി ദീനോസ്മ്യഹം*
*ത്രാഹി ത്വം കരുണാതരങ്ഗിതദൃശാ ശംഭോ ദയാംഭോനിധേ.* 4

വയസ്സായപ്പോൾ സർവ്വേന്ദ്രിയങ്ങളുടെയും ബലം പോയി. പല്ലുകൾ കൊഴിഞ്ഞു. തല നരച്ചു. ശരീരം ചുക്കിച്ചുളിഞ്ഞു. വിറയും തുടങ്ങി. ആശ്രയഹീനനുമായി. ഉമിനീര്, മലം, മൂത്രം എന്നിവയാൽ നനഞ്ഞവനും ദീനനുമായ എന്നെ ശംഭോ! ദയാസമുദ്രമേ! കരുണാമയമായ കൺകളാൽ നീ രക്ഷിക്കു.

*ധ്യാതം തേ ന പദാംബുജം സകൃദപി ധ്യാതം ധനം സർവദാ*
*പൂജാ തേ ന കൃതാ കൃതാ സ്വവപുഷഃ സ്രഗ്ഗന്ധലേപാർചനൈഃ*
*നാന്നാദ്യൈഃ പരിതർപിതാ ദ്വിജവരാ ജിഹ്വൈവ സന്തർപിതാ*
*പാപിഷ്ഠേന മയാ സദാശിവ വിഭോ ശംഭോ ദയാംഭോനിധേ.* 5

അങ്ങയുടെ കാലിണകളെ ധ്യാനിച്ചിട്ടില്ല. പകരം എപ്പോഴും പണത്തെ സ്മരിച്ചുകൊണ്ടിരുന്നു. അങ്ങയെ പൂജിക്കുന്നതിനുപകരം സ്വശരീരത്തെ മാല സുഗന്ധലേപനാദികളാൽ പൂജിച്ചു. അന്നാദികളെക്കൊണ്ട് ബ്രാഹ്മണശ്രേഷ്ഠരെ തൃപ്തിപ്പെടുത്തിയില്ല. എന്നാൽ സ്വന്തം നാവിനെ തന്നെ തൃപ്തിപ്പെടുത്തിക്കൊണ്ടിരുന്നു. ശംഭോ! ദയാസമുദ്രമേ! പാപിയായ എന്നെ രക്ഷിക്കു.

*സന്ധ്യാസ്നാനജപാദികർമ്മ ന കൃതം ഭക്ത്യാ കൃതം ദുഷ്കൃതം*
*ത്വന്നാമേശ ന കീർതിതം ത്വതിമുദാ ദുർഭാഷിതം ഭാഷിതം*
*ത്വന്മൂർതിർന വിലോകിതാ പുനരപി സ്ത്രീമൂർതിരാലോകിതാ*
*ഭോഗാസക്തിമതാ മയാ ശിവ വിഭോ ശംഭോ ദയാംഭോനിധേ.* 6

സന്ധ്യകളിൽ ചെയ്യേണ്ടതായ സ്നാനജപാദികർമ്മങ്ങൾ ചെയ്തില്ല. എന്നാൽ ഒട്ടേറെ ചെയ്തു ദുഷ്കൃതവും. നിൻനാമസങ്കീർത്തനം ചെയ്തില്ല. എന്നാൽ വളരെ സന്തുഷ്ടിയോടെ ചീത്തവർത്തമാനങ്ങൾ ചെയ്യുകയും ചെയ്തു. നിൻരൂപം കാണാൻ ശ്രമിച്ചില്ല എന്നുമാത്രമല്ല, ഭോഗാസക്തിമ

ത്തനായ ഞാൻ സ്ത്രീജനങ്ങളെ വീണ്ടുംവീണ്ടും നോക്കിക്കൊണ്ടിരുന്നു. അല്ലയോ ശംഭോ! ദയാ സമുദ്രമേ! എന്നെ രക്ഷിക്കൂ.

*സന്ധ്യാധ്യാനജപാദികർമകരണേ ശക്തോസ്മി നൈവ പ്രഭോ*
ദാതും ഹന്ത മതിം പ്രതീപകരണേ ദാരാദിബന്ധാസ്പദേ
നാമൈകം തവ താരകം മമ വിഭോ ഹ്യന്യന്ന ചാസ്തി ക്വചിത്
ത്രാഹി ത്വം കരുണാതരങ്ഗിതദൃശാ ശംഭോ ഭയാംഭോനിധേ. 7

സന്ധ്യകളിലുള്ള ധ്യാനജപാദികൾ ചെയ്യുവാൻ ഞാൻ ശക്തനല്ല. ഭാര്യാദിബന്ധുക്കൾ കോപിഷ്ഠരാകുമ്പോൾ ഹേ വിഭോ നിൻ താരകമായിട്ടുള്ള ഒരു നാമം മാത്രമേ ആ സമയം മനസ്സിൽ ജപിയ്ക്കാൻ ആയിട്ടുള്ളൂ. വേറൊന്നില്ലതന്നെ. ഹേ ശംഭോ! ദയാ സമുദ്രേ! കരുണമയമായ കൺകളാൽ നീ എന്നെ രക്ഷിക്കൂ.

*കുംഭീപാകധുരന്ധരാദിഷു മഹാബീജാദിഷു പ്രോദ്ധതം*
*ഘോരം നാരകദുഃഖമീഷദപി വാ സോഢും ന ശക്തോऽസ്മ്യഹം*
*തസ്മാത് ത്വാം ശരണം വ്രജാമി സതതം ജനാമി ന ത്വാം വിനാ*
*ത്രാഹി ത്വം കരുണാതരങ്ഗിതദൃശാ ശംഭോ ദയാംഭോനിധേ. 8*

കുംഭീപാകം എന്നു പറയപ്പെടുന്ന അതിഭയങ്കര ശിക്ഷകൾ നടപ്പാക്കുന്ന നരകത്തിൽ ലഭിക്കുന്ന ദുഃഖം കുറച്ചുപോലും സഹിക്കുവാൻ എനിക്കു സാധിക്കുകയില്ല. അതുകൊണ്ട് എപ്പോഴും ഞാൻ അങ്ങയെ ശരണം പ്രാപിക്കുന്നു. അങ്ങയെ അല്ലാതെ വേറെ ആരെ ശരണം പ്രാപിക്കുവാൻ സാധിക്കും. വേറെ ആരുംതന്നെയില്ല. ഹേ ശംഭോ! ദയാസമുദ്രമേ! കരുണാമയമായ കൺകളാൽ നീ എന്നെ രക്ഷിക്കൂ.

*മാതാ വാപി പിതാ സുതോऽപി ന ഹിതോ ഭ്രാത്രാദയോ ബാന്ധവാഃ*
*സർവേ സ്വാർഥപരാ ഭവന്തി ഖലു മാം ത്രാതും ന കോപി ക്ഷമാഃ*
*ഭൃതേഭ്യോ യമചോദിതേഭ്യ ഇഹ തു ത്വാമന്തരാ ശങ്കര*
*ത്രാഹി ത്വം കരുണാതരങ്ഗിതദൃശാ ശംഭോ ദയാംഭോനിധേ. 9*

അച്ഛൻ, അമ്മ, പുത്രൻ, സഹോദരങ്ങൾ എന്നീ ബന്ധുക്കൾ ആരുതന്നെയും തമ്മിൽ അത്രയ്ക്ക് ഹിതരല്ല. എന്തെന്നാൽ അവരെല്ലാം സ്വാർത്ഥരാണ് ജന്മനാൽതന്നെ. അതുകൊണ്ട് അവർ നമ്മളെ രക്ഷിയ്ക്കാനും സമർത്ഥരല്ല. യമകിങ്കരിൽനിന്ന് എന്നെ രക്ഷിക്കുവാൻ ഹേ ശങ്കര അങ്ങയെ കൂടാതെ ആരും സമർത്ഥരല്ല. ഹേ ശംഭോ! ദയാസമുദ്രമേ! കരുണാമയമായ കൺകളാൽ നീ എന്നെ രക്ഷിക്കൂ.

# സംസ്കൃതപഠനം (32)

ഡി. പ്രകാശ്

സംസ്കൃതത്തിലെ ക്രിയാപദങ്ങളെ പത്തു വിഭാഗങ്ങളായി തിരിയ്ക്കാം. കാലങ്ങളെ സൂചിപ്പിയ്ക്കുന്ന ആറും അവസ്ഥകളെ അഥവാ പ്രകാരങ്ങളെ സൂചിപ്പിക്കുന്ന നാലും ആയി തിരിയ്ക്കാം. ആദ്യത്തേത് കാലവാചകങ്ങൾ. ഇതിൽ രണ്ടെണ്ണം പരിചയപ്പെട്ടു. വർത്തമാനകാലവും ഭാവികാലവും. അടുത്ത് ഭൂതകാലക്രിയാപദങ്ങളാണ് പരിചയപ്പെടാനുള്ളത്. മൂന്നു ഭൂത കാലങ്ങളാണുള്ളത്. ഇന്നു നടന്നത്, ഇന്നല്ലാതെ നടന്നത്, ഇന്നല്ലാതെയും അപ്രത്യക്ഷമായും നടന്നത് എന്നിങ്ങനെ മൂന്ന് ഭൂതകാലക്രിയകൾ.

ഇന്നലെ മുതൽ പിറകോട്ടുള്ള ദിവസങ്ങളിൽ നടന്നതിനെയെല്ലാം 'അനദ്യതനേ ലങ്' എന്ന നിയമത്താൽ 'പാണിനി ലങ്' എന്നു വിളിയ്ക്കുന്ന ഭൂതകാലക്രിയയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

1. रामः अद्य पाठं पठति।
   രാമൻ ഇന്ന് പാഠം പഠിക്കുന്നു.
2. रामः ह्यः पाठम् अपठत्।
   രാമൻ ഇന്നലെ പാഠം പഠിച്ചു.
3. छात्रः इदानीं गृहं गच्छति।
   വിദ്യാർത്ഥി ഇപ്പോൾ വീട്ടിലേയ്ക്ക് പോകുന്നു.
4. छात्रः ह्यः गृहम् अगच्छत्।
   വിദ്യാർത്ഥി ഇന്നലെ വീട്ടിലേയ്ക്കു പോയി.
5. बालः अधुना नवमकक्ष्यापरीक्षां लिखति।
   ബാലൻ ഇപ്പോൾ ഒമ്പതാം ക്ലാസ്സ് പരീക്ഷ എഴുതുന്നു.
6. बालः गतवर्षे अष्टमकक्ष्यापरीक्षाम् अलिखत्।
   ബാലൻ കഴിഞ്ഞവർഷം എട്ടാം ക്ലാസ് പരീക്ഷ എഴുതി.

താഴെ ചില ക്രിയകളുടെ വർത്തമാനകാലരൂപങ്ങളും ഭൂതകാലരൂപ

ങ്ങളും കൊടുക്കുന്നു.

| ധാതു | വർത്തമാനകാലം लट् | | ഭൂതകാലം लङ् | |
|---|---|---|---|---|
| - | അർത്ഥം | | അർത്ഥം | |
| पत् | പതിക്കുന്നു | पतति | പതിച്ചു | अपतत् |
| वद् | പറയുന്നു | वदति | പറഞ്ഞു | अवदत् |
| नम् | നമിക്കുന്നു | नमति | നമിച്ചു | अनमत् |
| क्रीड् | കളിക്കുന്നു | क्रीडति | കളിച്ചു | अक्रीडत् |
| भू | ഭവിക്കുന്നു | भवति | ഭവിച്ചു | अभवत् |
| दृश् | കാണുന്നു | पश्यति | കണ്ടു | अपश्यत् |
| स्था | നില്ക്കുന്നു | तिष्ठति | നിന്നു | अतिष्ठत् |
| पा | കുടിക്കുന്നു | पिबति | കുടിച്ചു | अपिबत् |
| प्रच्छ् | ചോദിക്കുന്നു | पृच्छति | ചോദിച്ചു | अपृच्छत् |
| त्यज् | ത്യജിക്കുന്നു | त्यजति | ത്യജിച്ചു | अत्यजत् |

ഇവയുടെ വാക്യപ്രയോഗം നോക്കാം :

1. वृक्षात् फलम् अपतत्।
   വൃക്ഷത്തിൽനിന്നും പഴം വീണു.
2. पथिकः बालकम् अवदत्।
   പഥികൻ ബാലനോട് പറഞ്ഞു.
3. भक्तः ईश्वरम् अनमत्।
   ഭക്തൻ ഈശ്വരനെ നമിച്ചു.
4. पुत्रः क्रीडाङ्गणे अक्रीडम्।
   പുത്രൻ കളിക്കളത്തിൽ കളിച്ചു.
5. भरतः राजा अभवत्।
   ഭരതൻ രാജാവ് ആയിരുന്നു.

6. श्रीकृष्णः भीष्मपितामहम् अपश्यत्।
ശ്രീകൃഷ്ണൻ ഭീഷ്മപിതാമഹനെ കണ്ടു.

7. दिलीपः नन्दिनीपादौ एव अतिष्ठत्।
ദിലീപൻ നന്ദിനിയുടെ കാല്ക്കൽതന്നെ നിന്നിരുന്നു.

8. रोगी वैद्यनिर्दिष्टं जलम् अपिबत्।
രോഗി വൈദ്യൻ നിർദ്ദേശിച്ച വെള്ളം കുടിച്ചു.

9. छात्रः उत्तमं प्रश्नम् अपृच्छत्।
വിദ്യാർത്ഥി നല്ല ചോദ്യം ചോദിച്ചു.

ഈ വാക്യങ്ങൾ ബഹുവചനത്തിൽ എഴുതുമ്പോൾ കർത്താവിലും ക്രിയയിലും വന്ന മാറ്റം ശ്രദ്ധിക്കുക.

1. वृक्षात् फलानि अपतन्।
വൃക്ഷത്തിൽനിന്ന് പഴങ്ങൾ വീണു.

2. पथिकाः बालकम् अवदन्।
പഥികർ ബാലനോട് പറഞ്ഞു.

3. भक्ताः ईश्वरम् अनमन्।
ഭക്തർ ഈശ്വരനെ നമിച്ചു.

4. पुत्राः क्रीडाङ्गणे अक्रीडन्।
പുത്രന്മാർ കളിക്കളത്തിൽ കളിച്ചു.

5. रामभरतशत्रुघ्नाः राजानः अभवन्।
രാമഭരതശത്രുഘ്നന്മാർ രാജാക്കന്മാർ ആയിരുന്നു.

6. श्रीकृष्णादयः भीष्मपितामहम् अपश्यन्।
ശ്രീകൃഷ്ണൻ തുടങ്ങിയവർ ഭീഷ്മപിതാമഹനെ കണ്ടു.

7. शिष्याः गुरुपादमूले एव अतिष्ठन्।
ശിഷ്യർ ഗുരുപാദമൂലത്തിൽത്തന്നെ നിന്നു.

8. रोगिणः वैद्यनिर्दिष्टम् औषधम् अपिबन्।
രോഗികൾ വൈദ്യൻ നിർദ്ദേശിച്ച ഔഷധം കുടിച്ചു.

ഇപ്പോൾ നമ്മൾ 10 ധാതുക്കളുടെ (ലങിലെ) ഭൂതകാലത്തിലെ പ്രഥമയിലെ ഏകവചന-ബഹുവചന രൂപങ്ങൾ പഠിച്ചു. ഇവയുടെ മധ്യമ, ഉത്തമ പുരുഷന്മാരിലെ രൂപങ്ങൾ നോക്കുക.

| പുരുഷൻ | ലട് | ലങ് ഏകവചനം | ലങ് ബഹുവചനം |
|---|---|---|---|
| മധ്യമ | पतसि | अपतः | अपतत |
| ഉത്തമ | पतामि | अपतम् | अपताम |
| മധ്യമ | वदसि | अवदः | अवदत |
| ഉത്തമ | वदामि | अवदम् | अवदाम |
| മധ്യമ | नमसि | अनमः | अनमत |
| ഉത്തമ | नमामि | अनमम् | अनमाम |
| മധ്യമ | क्रीडसि | अक्रीडः | अक्रीडत |
| ഉത്തമ | क्रीडामि | अक्रीडम् | अक्रीडाम |
| മധ്യമ | भवसि | अभवः | अभवत |
| ഉത്തമ | भवामि | अभवम् | अभवाम |
| മധ്യമ | पश्यसि | अपश्यः | अपश्यत |
| ഉത്തമ | पश्यामि | अपश्यम् | अपश्याम |
| മധ്യമ | तिष्ठसि | अतिष्ठः | अतिष्ठत |
| ഉത്തമ | तिष्ठामि | अतिष्ठम् | अतिष्ठाम |
| മധ്യമ | पिबसि | अपिबः | अपिबत |
| ഉത്തമ | पिबामि | अपिबम् | अपिबाम |
| മധ്യമ | पृच्छसि | अपृच्छः | अपृच्छत |
| ഉത്തമ | पृच्छामि | अपृच्छम् | अपृच्छाम |
| മധ്യമ | त्यजसि | अत्यजः | अत्यजत |
| ഉത്തമ | त्यजामि | अत्यजम् | अत्यजाम |

ഒരു ക്രിയാപദം വാക്യത്തിൽ പ്രയോഗിക്കുന്നതെങ്ങനെ എന്ന് ഇവിടെ കാണിക്കാം.

നീ സത്യം പറഞ്ഞു. त्वं सत्यम् अवदः।

നിങ്ങൾ സത്യം പറഞ്ഞു. यूयं सत्यम् अवद।

ഞാൻ സത്യം പറഞ്ഞു. अहं सत्यम् अवदम्।

- ഇതുപോലെ മറ്റു ക്രിയാ പദങ്ങൾ ഉപയോഗിച്ച് വാക്യങ്ങൾ എഴുതുക.
- ഒരു ക്രിയാ പദത്തിന്റെ മുകളിൽ കൊടുത്ത ഒമ്പതു രൂപങ്ങളും ഉപയോഗിച്ച് വാക്യങ്ങൾ എഴുതുക.
- താഴെ കൊടുക്കുന്ന വാക്യങ്ങൾ ഉചിതമായ ഭൂതകാലത്തിലെ രൂപങ്ങൾ ഉപയോഗിച്ച് പൂരിപ്പിക്കുക. ബ്രാക്കറ്റിൽ വർത്തമാനകാല ക്രിയാരൂപം കൊടുക്കുന്നതാണ്.

अहं विदेशवस्त्रम् ........... (त्यजामि)।

त्वं मार्गम् .......... (पृच्छसि)।

यूयं कुत्र ............ (तिष्ठत)।

ഭൂതകാല (ലങ്) ക്രിയാപദത്തിനു പകരം ക്തവതു പ്രത്യയാന്തമായ രൂപം ഉപയോഗിക്കാം.

ഉദാഹരണം : अगच्छत् ........ गतवान्/गतवती।

അതായത് रामः अगच्छत् = रामः गतवान् എന്നും

सीता अगच्छत् = सीता गतवती എന്നും ഉപയോഗിക്കാം.

മലയാളത്തിൽ രാമൻ പോയവൻ ആകുന്നു എന്നും സീത പോയവൾ ആകുന്നു എന്നും അർത്ഥം.

പുല്ലിംഗ-സ്ത്രീലിംഗങ്ങളിൽ രൂപം മാറുന്നതായി ശ്രദ്ധിച്ചുവല്ലോ.

പഠിച്ചതായ ക്രിയാപദങ്ങളുടെ ക്തവതു പ്രത്യായാന്തങ്ങൾ വാക്യത്തിലെഴുതാം.

बालः पतितवान्। बालिका पतितवती।

शिक्षकः उक्तवान्। शिक्षिका उक्तवती।

(തുടരും)

# ഭഗവദ്ഗീതാ – ഒരു പുനർവായന [12]

എൽ. ഗിരീഷ്കുമാർ

(കഴിഞ്ഞലക്കം തുടർച്ച)

*കാശ്യശ്ച പരമേഷ്വാസഃ ശിഖണ്ഡീ ച മഹാരഥഃ*
*ധൃഷ്ടദ്യുമ്നോ വിരാടശ്ച സാത്യകിശ്ചാപരാജിതഃ.*

വില്ലാളിവീരനായ കാശിരാജാവും മഹാരഥനായ ശിഖണ്ഡിയും ധൃഷ്ടദ്യുമ്നനും വിരാടരാജാവും അജയ്യനായ സാത്യകിയും വേറെ വേറെ ശംഖുകൾ മുഴക്കി.

*ദ്രുപദോ ദ്രൗപദേയാശ്ച സർവശഃ പൃഥിവീപതേ*
*സൗഭദ്രശ്ച മഹാബാഹുഃ ശംഖാൻ ദധ്മുഃ പൃഥക് പൃഥക്.*

പാഠാന്തരം

*പാഞ്ചാലശ്ച മഹേഷ്വാസോ ദ്രൗപദേയാശ്ച പഞ്ച യേ*
*സൗഭദ്രശ്ച മഹാബാഹുഃ  ശംഖാൻ ദധ്മുഃ പൃഥക് പൃഥക്*

പാഞ്ചാലരാജാവായ ദ്രുപദനും ദ്രൗപദീപുത്രന്മാരായ അഞ്ചുപേരും പരാക്രമിയും സുഭദ്രാപുത്രനമായ അഭിമന്യുവും അവരവരുടേതായ ശംഖുകൾ വേവ്വേറെ മുഴക്കി.

പടക്കളത്തിൽ മുൻനിരയിൽ നില്ക്കുന്നവർ നേതാക്കന്മാരാണെന്നത് ശ്രദ്ധേയമാണ്. അണികളെ മുൻനിർത്തിയും പുത്രന്മാരെ രക്ഷിച്ചുകൊണ്ടുമുള്ള യുദ്ധമല്ലിത്. ഇത് ഭാരതീയ സംസ്കാരത്തിന്റെ പരിച്ഛേദമാണ്. ദ്രൗപതിയ്ക്ക് യുധിഷ്ഠിരൻ, ഭീമസേനൻ, അർജ്ജുനൻ, നകുലൻ, സഹദേവൻ എന്നീ പാണ്ഡവരിൽനിന്ന് ഉണ്ടായ മക്കൾ ക്രമത്തിൽ പ്രതിവിന്ധ്യൻ, സുതസോമൻ, ശ്രുതകീർത്തി, ശതാനീകൻ, ശ്രുതകർമ്മാവ് എന്നിവരാണ്. അവരെല്ലാംതന്നെ യുദ്ധമുഖത്തിൽ മുൻനിരയിൽതന്നെ നിലക്കൊണ്ടിരുന്നു. മഹാപരാക്രമിയും വെറും പതിനാറ് വയസ്സുമാത്രം പ്രായമുള്ള അർജ്ജുനന് സുഭദ്രയിൽ ജനിച്ച പുത്രൻ അഭിമന്യുവും മുൻനിരയിൽതന്നെയുണ്ടായിരുന്നുവെന്നത് ഇവിടെ തെളിവോടെ പറയുന്നു.

*സഘോഷോ ധാർത്തരാഷ്ട്രാണാം ഹൃദയാനി വ്യദാരയത്*
*നഭശ്ച പൃഥിവീഞ്ചൈവ തുമുലോ വ്യനുനാദയൻ.*

ഭൂമിയിലും ആകാശത്തിലും ഒരുമിച്ച് ശണ്ഠയ്ക്ക് സദൃശമായി ഉണ്ടായ ഗംഭീരനാദം ധൃതരാഷ്ട്രരുടെ പക്ഷത്തിലുള്ളവരുടെ ഹൃദയങ്ങൾ പിളർന്നു.

ആകെ ബഹളമയമായ യുദ്ധക്കളത്തിൽ വച്ചാണ് ഗീത ഉപദേശിച്ചത്. വളരെ ഗഹനമായ കാര്യങ്ങൾ ശബ്ദമയമായ അന്തരീക്ഷത്തിൽ പറഞ്ഞാൽ മനസ്സിലാവുകയില്ല. താരതമ്യേന ശബ്ദം കുറഞ്ഞ സ്ഥലത്തേയ്ക്ക് കൃഷ്ണൻ അർജ്ജുനനെ കൂട്ടികൊണ്ടുപോയില്ല. ഭൂമിയേയും ആകാശത്തേയും മാറ്റൊലി കൊള്ളിക്കുമാറ് ശബ്ദത്തോടുകൂടിയതാണ് നമ്മുടെ ജീവിതം. നമ്മുടെ ജീവിതക്കളരിയിൽനിന്നുകൊണ്ടാണ് ഗീത പഠിയ്ക്കേണ്ടതും അഭ്യസിക്കേണ്ടതും. ജീവിതം ഉപേക്ഷിച്ച് ഗീത പഠിയ്ക്കുന്നവർ ശരിയ്ക്കുള്ള അർത്ഥം ഗ്രഹിക്കുന്നില്ല. സ്നേഹം, കരുണ, ദ്വേഷം, വെറുപ്പ്, അസൂയ തുടങ്ങിയ വിവിധരാഗങ്ങൾ ഉണർത്തുന്ന ശബ്ദകോലഹലമയമായ ഈ ജീവിതം ഉപേക്ഷിച്ച് പോകുവാൻ ആർക്കും സാധ്യമല്ല. കാലദേശങ്ങളിലൂടെയുള്ള യാത്രയാകുന്ന ഈ ജീവിതത്തിലെ കുറച്ച് കാര്യങ്ങളുപേക്ഷിച്ചാൽ ജീവിതം ഉപേക്ഷിച്ചു എന്ന് പറയാൻ സാധിക്കില്ല. മനുഷ്യശരീരത്തിൽ ഇരിക്കുന്ന കാലത്തോളം നമ്മൾ നയിയ്ക്കുന്നത് ലൗകികജീവിതമാണ്. അതിനെ പ്രതിനിധീകരിയ്ക്കുന്ന സങ്കീർണ്ണവും ശബ്ദകോലാഹലസമ്പൂർണ്ണവുമായ ഈ യുദ്ധക്കളം ഗീതോപദേശത്തിന് തിരഞ്ഞെടുത്തത് ഇതെല്ലാം സൂചിപ്പിക്കുന്നു.

ഇതുകൊണ്ട് മാത്രമല്ല യുദ്ധക്കളം തിരഞ്ഞെടുത്തത്. ഇന്ദ്രിയങ്ങൾ ജാഗ്രത്തായിരിക്കുന്ന ഒരിടമാണ് യുദ്ധക്കളം. ഏതു ഭാഗത്തുനിന്നും പലതരത്തിലുള്ള ആയുധങ്ങളെത്തി മരണസാധ്യത കൂടിയിടമാണിവിടം. അവിടെ മെയ്യ് കണ്ണായിത്തീർന്നാൽ മുഴുവൻ ശരീരവും ജാഗ്രത്താവുകയും എല്ലാ ഇന്ദ്രിയങ്ങളും ഒരുമിച്ച് ഉണർന്നിരിക്കുകയും ചെയ്യും. ഉണർന്നിരിക്കുന്ന മനസ്സ്, ബുദ്ധി എന്നിവകൊണ്ട് ഉണർന്ന ഇന്ദ്രിയങ്ങളിലൂടെ കൃത്യമായ രീതിയിൽ കാര്യങ്ങൾ മനസ്സിലാക്കി പ്രതികരിച്ച് ജീവിയ്ക്കാൻ സാധിക്കും. കൂടാതെ ഗഹനമായ കാര്യങ്ങൾ വെളിപ്പെടുത്തി കിട്ടാൻ ഇന്ദ്രിയം, മനസ്സ്, ബുദ്ധി എന്നിവയുടെ ഒന്നിച്ചുണർന്നിരിക്കുന്ന അവസ്ഥയുള്ളത് യുദ്ധക്കളമല്ലാതെ മറ്റൊരിടമല്ല.

*അഥ വ്യവസ്ഥിതാൻ ദൃഷ്ട്വാ ധാർത്തരാഷ്ട്രാൻ കപിധ്വജഃ*
*പ്രവൃത്തേ ശസ്ത്രസമ്പാതേ ധനുരുദ്യമ്യ പാണ്ഡവഃ* *1.20*

മഹാരാജാവേ! അനന്തരം യുദ്ധത്തിനായി അണിനിരന്ന ദുര്യോധനാദികളായ ധാർത്തരാഷ്ട്രന്മാരെ കണ്ടിട്ട് വില്ലേന്തിയവനുമായ കപിധ്വജനും പാണ്ഡവനുമായ അർജ്ജുനൻ ശസ്ത്രം പ്രയോഗിക്കേണ്ടുന്ന സമയ

മായപ്പോൾ ശ്രീകൃഷ്ണനോട് പറഞ്ഞു.

*ഹൃഷീകേശം തദാവാക്യമിദമാഹ മഹീപതേ!*
*സേനയോരുഭയോർമദ്ധ്യേ രഥം സ്ഥാപയ മേ/ച്യുത!* 1.21

അപ്പോൾ ഹൃഷീകേശനോട് ഈ വാക്യം പറഞ്ഞു: 'ഹേ അച്യുതാ! ഇരു സേനകളുടെയും മധ്യത്തിലായി എന്റെ രഥത്തെ നിർത്തു.'

ഈ രണ്ടു ശ്ലോകങ്ങളിൽ അർജ്ജുനന്റെ ആത്മവിശ്വാസം കാണുവാൻ സാധിക്കും. സാങ്കേതികമായി ശംഖധ്വനിയിലൂടെ യുദ്ധം തുടങ്ങിക്കഴിഞ്ഞുവെങ്കിലും പരസ്പരം ശസ്ത്രാസ്ത്രപ്രയോഗം നടത്തി തുടങ്ങിയിട്ടില്ല. ധൃതരാഷ്ട്രരുടെ മക്കൾ അണിനിരത്തിയിരിക്കുന്ന സൈന്യങ്ങളെ കണ്ടതായ കപിധ്വജനും വില്ലുയർത്തി പിടിച്ചിരിക്കുന്നവനുമായ അർജ്ജുനൻ ശ്രീകൃഷ്ണനോട് പറഞ്ഞു എന്ന്.

ഇവിടെ ഹനുമാന്റെ (വാനരന്റെ) അടയാളമുള്ള കൊടിയോടുകൂടിയതാണ് അർജ്ജനരഥമെന്നതും വില്ലുയർത്തിപിടിച്ചവനുമാണ് അർജ്ജുനനെന്നതും അർജ്ജുനന്റെ ആത്മവിശ്വാസത്തെ കാണിയ്ക്കുന്നു. ഈ ആത്മവിശ്വാസം അർജ്ജുനന് പിന്നീട് പോകുന്നതായും കാണാം. എന്റെ രഥം എന്നും ഇരുസേനകളുടെ മധ്യത്തിൽ നിർത്തുവാനുള്ള ആജ്ഞയും അർജ്ജുനന്റെ മമത്വത്തെയും കാണിക്കുന്നു.

(തുടരും)

---

# കാശ്മീര ശൈവസമ്പ്രദായം
## [പരമാദ്വയവാദം] : ഒരാമുഖം

ഡോ. അജിതൻ പി.ഐ.

ഇന്ന് ഏറെ പ്രചാരത്തിലുള്ളതും സ്വദേശത്തും വിദേശത്തുമായി ധാരാളം പഠനങ്ങൾ നടക്കുന്നതും അക്കാദമിക-അനക്കാദമിക രംഗങ്ങളിൽ ഒരുപാട് ചർച്ചചെയ്യപ്പെടുന്നതുമായ ഒരു വിഷയമാണ് കാശ്മീരശൈവസമ്പ്രദായം അഥവാ കാശ്മീർ ശൈവിസം. വാസ്തവത്തിൽ എന്താണ് കാശ്മീരശൈവിസം കൊണ്ടർത്ഥമാക്കുന്നത്? കാശ്മീരദേശത്തുടലെടുത്ത ശൈവസമ്പ്രദായം എന്ന അർത്ഥമാണ് ഈ വാക്ക് കേൾക്കുമ്പോൾ സാധാരണയായി ഒരാൾക്കുണ്ടാവുന്ന അർത്ഥബോധം. എന്നാൽ ഈ

പദം കൊണ്ടർത്ഥമാക്കുന്നത് കാശ്മീരദേശത്തുണ്ടായതും അവിടെ നൂറ്റാണ്ടുകളോളം പ്രചാരത്തിലുണ്ടായിരുന്നതും ഒരു വലിയ ജനതയുടെ ആചാരാനുഷ്ഠാനങ്ങളെയും കാഴ്ചപ്പാടിനെയും സ്വാധീനിച്ച ശൈവസമ്പ്രദായത്തിലധിഷ്ഠിതമായ പരമാദ്വയദർശനത്തെയാണ്. ഒന്നുകൂടി വ്യക്തമാക്കിയാൽ ത്രിക, ക്രമ, സ്പന്ദ, പ്രത്യഭിജ്ഞാ സമ്പ്രാദയങ്ങളെ സൂചിപ്പിക്കുന്ന ഒറ്റപ്പദമാണ് കാശ്മീരശൈവിസം. 1914-ൽ ജെ.സി. ചാറ്റർജിയാണ് കാശ്മീരശൈവിസം എന്ന സാങ്കേതികനാമം പരമാദ്വയവാദത്തെ സൂചിപ്പിക്കാൻവേണ്ടി ആദ്യമായി മുന്നോട്ടുവയ്ക്കുന്നത്. അന്നുതുടങ്ങി ഇന്നേവരെ ഈ പേരിൽത്തന്നെയാണ് ഇതറിയപ്പെടുന്നതും.

പക്ഷേ, സൂക്ഷ്മമായി ചിന്തിക്കുമ്പോൾ ഈ സാങ്കേതികസംജ്ഞയിൽ ചില പ്രശ്നങ്ങൾ അടങ്ങിയിട്ടുണ്ട്. അതു മനസ്സിലാകണമെങ്കിൽ കാശ്മീരദേശത്തിന്റെ ബൗദ്ധികവും അദ്ധ്യാത്മികവുമായ ചരിത്രപശ്ചാത്തലത്തെ ചെറുതായെങ്കിലും അറിയേണ്ടതുണ്ട്. പരമാദ്വയം ഏറെ പ്രചാരത്തിൽ വരുന്നതിനുമുമ്പ് കാശ്മീരിൽ ബൗദ്ധം (പ്രത്യേകിച്ചും ധർമ്മകീർത്തിയുടെ ചിന്തകൾ), വൈഷ്ണവം (പഞ്ചരാത്രം), സിദ്ധാന്തശൈവം, വ്യാകരണം (ഭർത്തൃഹരിയുടെ സിദ്ധാന്തങ്ങൾ) എന്നിവ ആഴത്തിൽ വേരൂന്നിയിട്ടുണ്ടായിരുന്നു. ഈ ദർശനങ്ങളുടെ അഥവാ സമ്പ്രദായങ്ങളുടെ പ്രഭ ഏതാണ്ട് മങ്ങിത്തുടങ്ങിയ ചരിത്രപശ്ചാത്തലത്തിലാണ് കാശ്മീരശൈവിസം അതിന്റെ പാരമ്യതയിലേയ്ക്ക് എത്തുന്നത്. ഇനി മുൻസൂചിപ്പിച്ച സാങ്കേതിക സംജ്ഞയിലുള്ള ചില പ്രശ്നങ്ങളെക്കുറിച്ച് ചിന്തിക്കാം. കാശ്മീർശൈവിസം എന്ന പദം ശൈവസമ്പ്രദായം മാത്രമേ കാശ്മീരദേശത്തുള്ളതായി സൂചിപ്പിക്കുന്നുള്ളൂ. എന്നാൽ മുൻപറഞ്ഞതായ കാശ്മീരിൽ ഏറെ പ്രബലമായിരുന്ന ബൗദ്ധാദിദർശനങ്ങളെയൊന്നും ഇത് കണക്കിലെടുക്കുന്നില്ല. രണ്ടാമത്തെ പ്രശ്നം ശൈവസമ്പ്രദായത്തിൽ ദ്വൈതമതാനുസാരിയായ ശൈവസിദ്ധാന്തവും ഉൾപ്പെടും. അപ്പോൾ ഈ പേരുകൊണ്ടുദ്ദേശിക്കുന്ന പരമാദ്വയസമ്പ്രദായം എന്നുമാത്രമുള്ള അർത്ഥം കിട്ടാതെ വരും. മൂന്നാമത്തെ പ്രശ്നം ഇത് കാശ്മീരദേശത്തുടലെടുത്തെങ്കിലും പില്ക്കാലത്ത് പ്രാദേശികമായ എല്ലാ അതിർവരമ്പുകളെയും ഭേദിച്ച് നേപ്പാൾ, മഹാരാഷ്ട്ര, മദ്ധ്യപ്രദേശ് തുടങ്ങിയ ദേശങ്ങളിലും വ്യാപിച്ചിരുന്നു. മാത്രവുമല്ല, കാശ്മീർ എന്ന് ഇവിടെ പറയുന്നത് വിഭജനത്തിനുശേഷമുള്ള കാശ്മീരമല്ല, മറിച്ച് അന്നത്തെ അഖണ്ഡ ഭാരതത്തിന്റെ ഭാഗമായ കാശ്മീരാണ്. ഈ സന്ദർഭത്തിൽ എടുത്തുപറയേണ്ട ഒരു വസ്തുത ടിബറ്റിലെ ബൗദ്ധമതശാഖയായ വജ്രയാനത്തിലും കാശ്മീരശൈവസമ്പ്രദായത്തിന്റെ സ്വാധീനം ഏറെ ദർശിക്കാവുന്നതാണ്.

ഏതാണ്ട് 13-ാം നൂറ്റാണ്ടിന്റെ അന്ത്യത്തോടെ മുസ്ലീം ആക്രമണം കാശ്മീരിൽ ശക്തിപ്രാപിച്ചതോടെ അവിടെയുണ്ടായ താന്ത്രിക സമ്പ്രദായങ്ങൾ ക്രമേണ അവിടെനിന്നു പിൻവാങ്ങുന്നതായാണ് ചരിത്രം. എന്നാൽ കാശ്മീരിലുയിർകൊണ്ട താന്ത്രികസമ്പ്രദായങ്ങളിൽ മിക്കതും ഇന്ത്യയുടെ നാനാഭാഗങ്ങളിൽ ഇന്നും നിലനില്ക്കുന്നുവെന്നത് ഇവിടെ എടുത്തുപറയേണ്ടതുണ്ട്. ഇവിടെയാണ് കേരളത്തിന്റെ പ്രത്യേകത. കേരളത്തിന് കാശ്മീരശൈവചിന്തകൾ അന്യമായിരുന്നില്ല എന്നാണ് തെളിവുകൾ സൂചിപ്പിക്കുന്നത്. ഇവിടത്തെ താളിയോലപ്പുരകളിൽനിന്ന് പരമാദ്വയസംബന്ധിയായ ഒട്ടേറെ ഗ്രന്ഥങ്ങൾ ഇതിനോടകം കണ്ടെടുത്തിട്ടുണ്ട്, ഇനിയും കണ്ടെടുക്കപ്പെടാനുമുണ്ട്. ഇവയിൽ പലതും മലയാളലിപിയിലുള്ളതും ലോകത്ത് വേറെ എവിടേയും ലഭ്യമല്ലാത്തതുമായ താളിയോലപ്പകർപ്പുകളാണ്. ഇതിനെല്ലാമുപരി കാശ്മീരക്രമസമ്പ്രദായം ഭാഗികമായെങ്കിലും നിലനില്ക്കുന്ന ഏകസ്ഥലം കേരളമാണെന്ന് നിസ്സംശയം പറയാം. ഇത്തരത്തിൽ കേരളത്തിൽ പല താന്ത്രിക സങ്കേതങ്ങളിലും പ്രബലമായുണ്ടായിരുന്ന ഒന്നാണ് കാശ്മീര ശൈവസമ്പ്രദായം.

ഞങ്ങളുടെ ത്രൈമാസികയായ ശാംഭവിയിൽ ഇനിയുള്ള ലക്കങ്ങൾ കാശ്മീര ശൈവസമ്പ്രദായം എന്ന വിഷയത്തെ കേന്ദ്രീകരിച്ചുള്ളതായിരിക്കും. കേരളത്തിന് അന്യമല്ലാതിരുന്ന ഒരു ആശയമണ്ഡലത്തെ വീണ്ടും ജനങ്ങളിലേക്ക് എത്തിക്കുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. മാത്രവുമല്ല, ഈ ദർശനം ഏറെ ജീവിതഗന്ധിയും ശരിയായി മനസ്സിലാക്കിയാൽ ആനന്ദപൂർണ്ണമായ ഒരു ജീവിതം നയിക്കുവാൻ ഉതകുന്നതുമാണ്. ഇതാണ് ഈ ദർശനത്തിന്റെ ഇന്നത്തെ പ്രസക്തി.

ഈ ദർശനം കാശ്മീരദേശത്ത് അതിന്റെ പൂർണ്ണപ്രഭാവത്തിൽ പരിലസിച്ചത് 8-ാം നൂറ്റാണ്ടു മുതൽ 13-ാം നൂറ്റാണ്ടുവരെയാണ്. ഇതിനർത്ഥം 8-ാം നൂറ്റാണ്ടിനുമുമ്പ് ഇതവിടെ ഉണ്ടായിരുന്നേ ഇല്ല എന്നല്ല. ഒരാശയം ഗ്രന്ഥരൂപത്തിൽ എഴുതപ്പെടുന്നതിനു കുറച്ചു നൂറ്റാണ്ടുകൾക്ക് മുമ്പുതന്നെയെങ്കിലും അത് മൗഖികസമ്പ്രദായത്തിലും ഭാഗികമായെങ്കിലും ഒരു വിഭാഗത്തിന്റെ ആചാരാനുഷ്ഠാനങ്ങളിലും ജീവിതചര്യയിലുമൊക്കെ പ്രതിഫലിച്ചു തുടങ്ങും. ഈ സമ്പ്രദായത്തിലെ ചില കൈവഴികൾക്ക് മുഖസമ്പ്രദായമെന്ന പേരുണ്ടെന്നുള്ളതും ഇവിടെ സ്മരിക്കേണ്ടതാണ്.

കാശ്മീരശൈവസമ്പ്രദായത്തിലെ ആദ്യകാല ഗ്രന്ഥങ്ങളിൽ പലതും വെളിപ്പെട്ടുവന്നവയാണെന്നാണ് സാമ്പ്രദായിക വിശ്വാസം. ഏതാണ്ട്

8-ാം നൂറ്റാണ്ടോടുകൂടിയാണ് മനുഷ്യകർത്തൃകങ്ങളായ ഗ്രന്ഥങ്ങളും അതിവിപുലമായ ഒരു വ്യാഖ്യാനപാരമ്പര്യവും ഇതിൽ നിലവിൽ വരുന്നത്. കൂടാതെ ശാസ്ത്രീയമായ ഒരു അടിത്തറയെ പിൻപറ്റി (ഇവിടെ ശാസ്ത്രീയം കൊണ്ടർത്ഥമാക്കുന്നത് മീമാംസാ, ന്യായം, വ്യാകരണം എന്നീ ശാസ്ത്രങ്ങളുടെ കാര്യകാരണസഹിതമുള്ള വിഷയാവതരണശൈലിയെയാണ്) ധാരാളം ആഖ്യാനവ്യാഖ്യാന പരമ്പരകൾ ഉടലെടുക്കുന്നതും ഈ കാലയളവിലാണ്.

ഇനി ഗുരുപരമ്പരയെപ്പറ്റി ചിന്തിക്കാം. വസുഗുപ്തനിൽ തുടങ്ങി ഇങ്ങ് മഹേശ്വരാനന്ദൻ (13-ാം നൂറ്റാണ്ട്) വരെയുള്ള ഏതാണ്ട് അഞ്ച് നൂറ്റാണ്ടുകളോളം വ്യാപിച്ചിരുന്ന ഒരു ഗുരുപാരമ്പര്യക്രമമാണ് ഇതിലുള്ളത്. വസുഗുപ്തൻ, കല്ലടഭട്ടൻ, സോമാനന്ദൻ, ഉത്പലദേവൻ, ലക്ഷ്മണഗുപ്തൻ, അഭിനവഗുപ്തൻ, ക്ഷേമരാജൻ, യോഗരാജൻ, ജയരഥൻ, മഹേശ്വരാനന്ദൻ ഇങ്ങനെ പോകുന്നു ആ പരമ്പര. ഇവരൊക്കെയാണ് ഈ സമ്പ്രദായത്തിലെ പ്രധാന ആചാര്യന്മാരും സമ്പ്രദായപരിഷ്കർത്താക്കളും.

ഇന്ന് പരക്കെ നിലവിലുള്ള ഒരു തെറ്റിദ്ധാരണ കാശ്മീരശൈവസമ്പ്രദായത്തിലെ പല ആശയങ്ങളും സങ്കല്പങ്ങളും അദ്വൈത വേദാന്തചിന്തയുമായി സംവദിക്കുന്നുണ്ടെന്നാണ്. എന്നാൽ വാസ്തവത്തിൽ രണ്ടും രണ്ട് സങ്കല്പങ്ങളിലും അനുഭവങ്ങളിലും ഊന്നിയിട്ടുള്ളതാണ്. ആശയമണ്ഡലങ്ങളിലെവിടേയുംതന്നെ ഇവ ഒരുപോലെ വരുന്നില്ല. അഭിനവഗുപ്തപാദാചാര്യരുടെ അഭിപ്രായത്തിൽ പരമാദ്വയദർശനത്തിന്റെ രസം നുകരുന്നത് ശിവനാൽ പ്രേരിതരായിട്ടുള്ള ആളുകൾ മാത്രമാണ്. അദ്ദേഹത്തിന്റെ തന്ത്രാലോകത്തിൽ ഇങ്ങനെ പറയുന്നു.

*കേതകീകുസുമസൗരഭേ ഭൃശം ഭൃംഗ ഏവ*
*രസികോ ന മക്ഷികാ*
*ഭൈരവീയ പരമാദ്വയാർച്ചനേ കോപി രജ്യതി*
*മഹേശചോദിതഃ*

(സാരം : കൈതപ്പൂവിന്റെ സൗരഭ്യം നുകരുന്നതും ആസ്വദിക്കുന്നതും വണ്ടുകളാണ് അല്ലാതെ ഈച്ചകളല്ല. അതുപോലെ ഈ പരമാദ്വയദർശനത്തിന്റെ രസം നുകരുന്നത് ശിവനാൽ പ്രചോദിതനായ ഒരാൾ മാത്രമാണ്.)

പരമാദ്വയവാദമാകുന്ന ഈ കൈതപ്പൂവിന്റെ രസം നുകരാൻ മഹേശ്വരനാൽ പ്രചോദിതരായിത്തീർന്ന എല്ലാവരേയും ക്ഷണിച്ചുകൊള്ളുന്നു.

മഹാമഹേശ്വരാചാര്യശ്രീമദഭിനവഗുപ്തകൃതം

# പരമാർത്ഥസാരം

(ശ്രീമദ്യോഗരാജകൃതവിവൃതിസഹിതം)

ദാമോദർ നാരായണൻ സി.എൻ.

ഗവേഷക വിദ്യാർത്ഥി, കർണ്ണാടക സംസ്കൃത യൂണിവേഴ്സിറ്റി, ബാംഗ്ലൂർ.

## ആമുഖം

ഭാരതത്തിലെ വൈവിധ്യമാർന്ന താത്ത്വികവും സൈദ്ധാന്തികവുമായ ചിന്താധാരകളിൽ നിർണ്ണായകമായ സ്ഥാനംവഹിക്കുന്ന ഒന്നാണ് 1914-ൽ ജെ.സി. ചാറ്റർജി തന്റെ കൃതിയിൽ 'കാശ്മീർ ശൈവിസം' എന്നു വിളിക്കുകയും പിന്നീട് അതേ പേരിൽത്തന്നെ പ്രശസ്തമാകുകയും ചെയ്ത 'ശിവാദ്വയവാദം'. ക്രി.പി. 8-ാം നൂറ്റാണ്ടു മുതൽ 12-ാം നൂറ്റാണ്ടുവരെ ഭാരതത്തിന്റെ സാംസ്കാരികകേന്ദ്രം കാശ്മീർ ആയിരുന്നതിനാലും അവിടെ പ്രചുരപ്രചാരത്തിലുണ്ടായിരുന്ന ചിന്തയായിരുന്നതിനാലുമാണ് പണ്ഡിതർ ഈ സമ്പ്രദായത്തെ കാശ്മീര ശൈവസിദ്ധാന്തം എന്നു വിളിച്ചത്. വിവിധ രാജവീഥികളിലൂടെ സഞ്ചരിച്ചു പോന്ന ഈ സൈദ്ധാന്തികരഥത്തിന്റെ സാരഥികളിൽ വളരെ പ്രാധാന്യമർഹിക്കുന്ന ഒരാളാണ് മഹാമനീഷിയും മഹാപണ്ഡിതനും മഹാസൈദ്ധാന്തികനും മഹാകവിയും മഹാമേധാശക്തിയുടെ ഉറവിടുമായ മഹാമഹേശ്വരാചാര്യ ശ്രീമദഭിനവഗുപ്തപാദർ. അദ്ദേഹത്തിന്റെ വളരെ പ്രശസ്തമായ കൃതികളിലൊന്നാണ് പരമാർത്ഥസാരം. 4-ാം നൂറ്റാണ്ടിൽ ആദിശേഷനാൽ എഴുതപ്പെട്ട അദ്വൈതവേദാന്തകൃതിയുടെ (ശ്രീശങ്കരാചാര്യ വേദാന്തമല്ല) ശിവാദ്വയരൂപത്തിലുള്ള പുനരാവിഷ്കരണമാണ് ശ്രീമദഭിനവഗുപ്തപാദരാൽ ചെയ്യപ്പെട്ടത്. ഒരിക്കൽ പരാമർശിക്കപ്പെട്ട വാക്ക് അതിൽനിന്നും വ്യത്യസ്തമായ രീതിയിൽ ഒന്നുകൂടി പ്രയോഗിക്കപ്പെട്ടാൽ അതിനു നവീനത്വം സിദ്ധിക്കുമെന്ന ധ്വന്യാലോകകാരന്റെ വചനത്തെ[1] അന്വർത്ഥമാക്കുന്ന രീതിയിലാണ് ഈ കൃതിയുടെ നിർമ്മിതി.

1. *അതോഹ്യന്യതാമേതി പ്രകാരേണ വിഭൂഷിതാ*
*വാണീ നവത്ത്വമായാതി പൂർവ്വാർത്ഥാന്വയവത്യപി.*
(ധ്വന്യാലോകം-ഉദ്യോതം 4, ശ്ലോകം 2)

85 ശ്ലോകങ്ങളുള്ള ആദിശേഷപരമാർത്ഥസാരത്തിന്റെ പുതിയ ആവിഷ്കാരത്തിൽ 105 ശ്ലോകങ്ങളോടുകൂടി പരമാദ്വയവാദത്തെ ശ്രീമദഭിനവ ഗുപ്തപാദർ സവിസ്തരം പ്രതിപാദിയ്ക്കുന്നു. 10-ാം നൂറ്റാണ്ടിലെഴുതപ്പെട്ട ഈ ഗ്രന്ഥത്തിന് 11-ാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ ശ്രീമദഭിനവഗുപ്തപാദരുടെ പ്രശിഷ്യനായ യോഗരാജനാൽ ഒരു വിവൃതി (വ്യാഖ്യാനം) യും എഴുതപ്പെട്ടുകയുണ്ടായി (ശ്രീമദഭിനവഗുപ്തപാദരുടെ ശിഷ്യനായ ശ്രീക്ഷേമരാജരുടെ ശിഷ്യനാണ് ശ്രീ. യോഗരാജർ). ഈ ഗ്രന്ഥത്തിന്റെ മലയാളലിപിയിലുള്ള താളിയോല പ്രതികൾ കേരളത്തിനകത്തും പുറത്തും മാനുസ്ക്രിപ്റ്റ് ലൈബ്രറികളിൽ ഈ വിഷയം പ്രചാരത്തിലുണ്ടായിരുന്നുവെന്നുള്ളതിന് തെളിവാണ്. ആ പാരമ്പര്യത്തിന്റെ പുനരാഖ്യാനം മാത്രമാണ് ശിവേച്ഛയാൽ ഇവിടെ ചെയ്യപ്പെടുന്നത്. ശ്രീമദഭിനവഗുപ്തപാദാചാര്യരാൽ വിരചിതമായ പരമാർത്ഥസാരവും അതിന് ശ്രീമദ് യോഗാരാജരുടെ വൃത്തിയും ഇവയുടെ മലയാള അർത്ഥവും (വിശദീകരണങ്ങൾ സഹിതം) ഇവിടെ ഖണ്ഡശഃ പ്രസിദ്ധീകരിക്കുന്നതാണ്. കാരികകളുടെ വിവർത്തനത്തിന് 'സാരം' എന്നും അതിന്റെ വിവൃതിയുടെ വിവർത്തനത്തിന് 'പരിഭാഷ' എന്നുമാണ് ഇവിടെ പേരുകൾ കൊടുത്തിരിക്കുന്നത്. മലയാളികൾക്ക് കാശ്മീരശൈവദർശനത്തിലേയ്ക്ക് ഒരു കിളിവാതിൽ തുറക്കാൻ സാധിക്കുമെന്ന പ്രതീക്ഷയോടുകൂടിയാണ് ഈ ശ്രമം നിർവ്വഹിക്കുന്നത്. ഇതിലെ പല സാങ്കേതികപദങ്ങളും വരുന്ന ലക്കങ്ങളിൽ വിസ്തരിക്കപ്പെടുന്നതാണ്.

*ഭാരതീയകൃതികളിലെ രണ്ടു വ്യാഖ്യാനരീതികളാണ് ദണ്ഡാന്വയശൈലി, ഖണ്ഡാന്വയശൈലി എന്നിവ. ഒരു ശ്ലോകത്തെ സാമാന്യമായി അന്വയിച്ച് പദാനുപദം അർത്ഥം പറഞ്ഞുകൊണ്ട് വ്യാഖ്യാനിക്കുന്ന ശൈലിയാണ് ദണ്ഡാന്വയശൈലി. ശ്രീമല്ലീനാഥകൃതമായ കാളിദാസകൃതികളുടെ വ്യാഖ്യാനം ഈ ശൈലിക്ക് ഉദാഹരണമാണ്. നാമ, കർമ്മ, ക്രിയാപദങ്ങളെ ആദ്യം പ്രസ്താവിക്കുകയും പിന്നീട് അവയുടെ വിശേഷണങ്ങളോടുകൂടി ശ്ലോകത്തെ വ്യാഖ്യാനിക്കുകയും ചെയ്യുന്ന ശൈലിയാണ് ഖണ്ഡാന്വയശൈലി. ഇവിടെ വിവൃതികാരനായ 'ശ്രീയോഗരാജർ' ഖണ്ഡാന്വയരീതിയാണ് കൈക്കൊണ്ടിട്ടുള്ളത്.*

## വിവൃതി ആരംഭം

*ചിദ്ഘനോ/പി ജഗന്മൂർത്ത്യാ ശ്യാനോ യഃ സ ജയത്യജഃ*
*സ്വാത്മപ്രച്ഛാദനക്രീഡാവിദഗ്ധഃ പരമേശ്വരഃ.*

*പരിഭാഷ* : ചിദ്ഘനസ്വരൂപനായിരുന്നിട്ടും (വിശ്വാത്മകവും വിശ്വാതീതവും ആയ പരമബോധത്തിന്റെ ഘനീഭൂതരൂപമായിരുന്നിട്ടും) സ്വേച്ഛയാൽ ജഗത്സ്വരൂപം മാത്രമായി വിശ്വാത്മകമായി ചുരുങ്ങി തന്റെ യഥാർത്ഥ സ്വരൂപത്തെ മറച്ചുകൊണ്ടുള്ള ക്രീഡയിൽ അതീവ തല്പരനും വിദഗ്ധനും ജനനം എന്ന അവസ്ഥ ഇല്ലാത്തവനുമായ ആ പരമേശ്വരൻ വിജയിക്കട്ടെ.

*യോ/യം വ്യധായി ഗുരുണാ യുക്ത്യാ പരമാർത്ഥസംക്ഷേപഃ*
*വിവൃതിം കരോമി ലഘ്വീമസ്മിൻ വിദ്വജ്ജനാർത്ഥിതോ യോഗഃ.*

*പരിഭാഷ* : യാതൊരു പരമാർത്ഥ സാരമാണോ യുക്തിയുക്തമായും[2] സംക്ഷിപ്തമായും ഗുരുവിനാൽ എഴുതപ്പെട്ടത് ആ കൃതിയുടെ ലഘുരൂപത്തിലുള്ള 'വിവൃതി' എന്ന വ്യാഖ്യാനം വിദ്വജ്ജനങ്ങളുടെ പ്രാർത്ഥനയെ മാനിച്ച് ഞാൻ ഇവിടെ ചെയ്യുന്നു.

*വിവൃതി :* ഇഹ ശിവാദ്വയശാസനേ ദേഹാദിപ്രമാതൃതാപ്രാധാന്യ സ്വസങ്കല്പേ സമുത്ഥശങ്കാതങ്കാലസ്യസംശയാദിരൂപവിഘ്നൗഘപ്രസര പ്രധ്വംസപൂർവ്വികാം ശാസ്ത്രനിഷ്പത്തിം മന്യമാനഃ പരിമിതപ്രമാതൃതാധസ്പദീകാരേണ ചിദാനന്ദൈകഘനസ്വാത്മദേവതാസമാവേശശാലിനീം സമസ്തശാസ്ത്രാർത്ഥസംക്ഷേപഗർഭാം പ്രഥമതസ്താവത് പരമേശ്വരപ്ര

---

2. ഇവിടെ ശ്രീമദഭിനവഗുപ്തപാദർ യുക്തിയുക്തമായാണ് തന്റെ സിദ്ധാന്തത്തെ പ്രസ്താവിച്ചിട്ടുള്ളത്. 21-ാം നൂറ്റാണ്ടിൽ ജീവിക്കുന്ന മനുഷ്യർ തങ്ങളുടെ യുക്തിയെ സാധൂകരിക്കാനായി അവലംബിക്കുന്നത് ഇന്നു പ്രചാരത്തിലുള്ള ആധുനികശാസ്ത്ര വസ്തുത (scientific facts) കളെ ആണെങ്കിൽ 10-ാം നൂറ്റാണ്ടിൽ എഴുതപ്പെട്ട കൃതിയിൽ അന്നു നിലനിന്നിരുന്ന സൈദ്ധാന്തിക വസ്തുതകളിലൂടെയാണ് ഗ്രന്ഥകർത്താവ് യുക്തിയെ സാധൂകരിച്ചിരിക്കുന്നത്. ഈ പ്രസ്താവനയിൽനിന്ന് യുക്തിവിചാര (reasoning) ത്തിന് ശിവാദ്വയവാദത്തിൽ വളരെ പ്രാധാന്യം ഉള്ളതായിക്കാണാം.
   ഈ ഗ്രന്ഥത്തിന്റെ ഹിന്ദി വിവർത്തകരിൽ ഒരാളായ ശ്രീ നീലകണ്ഠ ഗുർത്തൂ, ഇംഗ്ലീഷ് വിവർത്തകരിൽ ഒരാളായ Lynn Bansat Bouden എന്നിവർ 'യുക്ത്യാ' എന്നതിന് രചനാകൗശലത്തോടുകൂടി (artfully or skillfully) എന്നാണ് അർത്ഥം കൊടുത്തിരിക്കുന്നത്. ആദിശേഷകൃതമായ പരമാർത്ഥസാരത്തെ രചനാകുശലതയോടുകൂടി പുതിയതായി ആവിഷ്കരിച്ചു എന്നാണ് അവിടെ അർത്ഥം വരിക. എന്നാൽ ശിവാദ്വയവാദത്തിൽ യുക്തിവിചാരത്തിന് വളരെ പ്രാധാന്യമുണ്ടെന്നത് ഈശ്വരപ്രത്യഭിജ്ഞാകാരികപോലുള്ള ഗ്രന്ഥങ്ങളിൽ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട് എന്നുള്ളതിനാൽ ഇവിടെയും 'യുക്തി' എന്ന വാക്കിന്റെ അർത്ഥം വേറൊന്നാകാൻ വഴിയില്ല.

വണതാം പരാമൃശതി.

*പരിഭാഷ* : ദേഹം ഇന്ദ്രിയം എന്നു തുടങ്ങിയതായ പരിമിതബോധത്തിന് കാരണമായിട്ടുള്ള അപരിമിതബോധത്തിന്റെ സ്വാതന്ത്ര്യ (പ്രാധാന്യം[3]) ത്താൽ സ്വയം സങ്കല്പിച്ച് ഉയർന്നുവന്ന ശങ്ക, വ്യസനം, ആലസ്യം, സംശയം എന്നു തുടങ്ങിയ വിഘ്നസമൂഹങ്ങളെ നീക്കം ചെയ്യുന്നതും ശാസ്ത്രത്തിൽനിന്ന് ലഭ്യമായതുമായതിനെ അറിയുന്ന ആചാര്യൻ ആദ്യം പരമേശ്വരനിലുള്ള ശരണാഗതിയെ പരാമർശിക്കുന്നു. സകലശാസ്ത്രാർത്ഥങ്ങളുടെയും ചുരുക്കത്തെ അടക്കം ചെയ്തിരിക്കുന്നതും പരിമിതമായ ബോധത്തെ ചെറുതാക്കിക്കൊണ്ട് ചിദാനന്ദം ഇടതിങ്ങിയ സ്വസ്വരൂപത്തെ (അപരിമിതസ്വരൂപത്തെ) ഉൾക്കൊള്ളുന്ന ശീലത്തോടുകൂടിയതുമാണീ ശരണാഗതി.

## കാരിക 1

*പരം പരസ്ഥം ഗഹനാദനാദിം*
*ഏകം നിവിഷ്ടം ബഹുധം ഗുഹാസു.*
*സർവ്വാലയം സർവ്വചരാചരസ്ഥം*
*ത്വാമേവ ശംഭും ശരണം പ്രപദ്യേ.*

*സാരം* : പരനും (പൂർണ്ണസ്വരൂപനും) ഗഹന (മായാതത്ത്വം) ത്തിനുമുപരി ശിവൻ മുതൽ ശുദ്ധവിദ്യവരെയുള്ള ശുദ്ധാദ്ധ്വത്തിൽ സ്ഥിതി ചെയ്യുന്നവനും അനാദിയും പലവിധത്തിലുള്ള രുദ്രക്ഷേത്രജ്ഞരൂപങ്ങളിലുള്ള ഗുഹകളിൽ വസിക്കുന്നവനും ഏകനും സർവ്വാലയവും (സർവ്വഭൂതങ്ങൾക്കും നിവാസസ്ഥാനവും) പ്രപഞ്ചത്തിൽ സർവ്വചരാചരങ്ങളിലും വർത്തിക്കുന്നവനുമായ ശംഭുവായ അവിടുത്തെതന്നെ ഞാൻ ശരണം പ്രാപിക്കുന്നു.

*വിവൃതി* : 'ത്വാം' സർവ്വപ്രമാതൃസ്ഫുരത്താസാരം സ്വാത്മദേവതാരൂപമേവ 'ശംഭും' അനുത്തരശ്രേയഃസ്വഭാവം സത്താത്മകം 'ശരണം' ത്രാതാരം ത്വത്സമാവേശസമാപത്തയേ സംശ്രയേ. ഏവകാരഃ ശംഭും സ്വാത്മദേവതാകാരമേവ പ്രപദ്യേ ന പുനർമ്മായാന്തശ്ചാരിണം കഞ്ചിദ്ഭിന്നം ദേവമിത്യന്യയോഗം വ്യവച്ഛിനത്തി. അന്യച്ച കിം ഭൂതം 'പരം' പൂർണ്ണം

3. ശരീരം ഇന്ദ്രിയങ്ങൾ, മനസ്സ്, ബുദ്ധി, അഹങ്കാരം എന്നിവയോടുകൂടിയ അപൂർണ്ണമായ 'ഞാൻ' എന്ന ബോധമാണ് അല്പപ്രമാതാവ്. ആ അല്പപ്രമാതാവിനാൽ അനുഭവിക്കപ്പെടുന്ന പ്രപഞ്ചം അല്പപ്രമേയം. ഇവിടെ പൂർണ്ണപ്രമാതാവിനെ അല്പപ്രമാതാവും പൂർണ്ണപ്രമേയത്തെ അല്പപ്രമേയവും ആക്കുന്നത് പൂർണ്ണപ്രമാതാവിന്റെ സ്വാതന്ത്ര്യശക്തിയായ മായ തന്നെ ആകുന്നു.

ചിദാനന്ദേച്ഛാജ്ഞാനക്രിയാശക്തിനിർഭരമനന്തരസ്വരൂപം തഥാ 'പരസ്ഥം ഗഹനാത്' ഇതി ഗഹനാന്മായാഭിധാനാത്തത്ത്വാത്പരസ്മിൻപൂർണ ഏവ ശിവാദിവിദ്യാതത്ത്വപര്യന്തേ ശുദ്ധാദ്ധ്വനി സ്വരൂപേ തിഷ്ഠന്തം ന പുനസ്തത്തദവസ്ഥാവൈചിത്ര്യേണാപി സ്ഥരതസ്തതഃ പരസ്മാത് പൂർണ്ണാത് സ്വരൂപാത്തസ്യ പ്രച്യാവോ ഭവതി. യദുക്തം.

*ജാഗ്രദാദിവിഭേദേ/പി തദഭിന്നേ പ്രസർപ്പതി*
*നിവർത്തതേ നിജാന്നൈവ സ്വരൂപാദുപലബ്ധൃതഃ*

ഇതി സ്പന്ദശാസ്ത്രേ. 'അനാദിം' പുരാണം സർവ്വപ്രതീതീനാമനുഭവിതൃതയാ പ്രമാതൃത്വേനാദിസിദ്ധത്വാത് 'ഏകം' ഇത്യസഹായം ചിദൈക്യേന സ്ഥരണാദ്ഭേദസ്യാനുപപത്തേഃ. തഥാ 'നിവിഷ്ടം' ഇത്യാദി. ഏവം ജാതീയകമപി സ്വസ്വാതന്ത്ര്യേണ ബഹുധാ നാനാപ്രകാരൈർഭേദൈഃ 'ഗുഹാസു' രുദ്രക്ഷേത്രജ്ഞരൂപാസു ഹൃദ്ഗുഹാസ്വന്തരാവിഷ്ടം ചൈതന്യരൂപോ/പി സ്വയം ജഡാജഡാത്മതാമാഭാസ്യ നടവന്നാനാപ്രമാതൃതയാ സ്ഥിത ഇതി യാവത്. അത ഏവ 'സർവ്വാലയം' ഇതി 'സർവ്വസ്യ' രുദ്രക്ഷേത്രജ്ഞാദിപ്രമാതൃപ്രമേയരൂപസ്യ ജഗതഃ 'ആലയം' വിശ്രാന്തിസ്ഥാനം. സർവ്വമിദം കില പൂർണ്ണപ്രമാതരി സ്ഥിതം സദ്ഗ്രാഹ്യഗ്രാഹകയുഗളകാപേക്ഷയോന്മഗ്നമിവ ഭേദേന പ്രകാശമാനം നാനാരൂപൈർവ്യപദിശ്യതേ/ന്യഥൈതസ്യ പ്രകാശാദ്ഭിന്നസ്യ സത്ത്വൈവ ന സ്യാത് കുത ഇദം വിശ്വമിതി സർവ്വനാമപ്രത്യവമർശഃ. നൈതാവതാ ഭഗവതഃ സമുത്തീർണ്ണം സ്വരൂപമിത്യാഹ 'സർവ്വചരാചരസ്ഥം' ഇതി. സർവ്വമിദം യജ്ജഡാജഡസ്വഭാവം വിശ്വം തദ്രൂപതയാ തിഷ്ഠന്തം.

*'കർത്താസി സർവ്വസ്യ യതഃ സ്വയം വൈ*
*വിഭോ തതഃ സർവ്വമിദം ത്വമേവ.'*

*ഇതി ന്യായേന ഹി വ്യതിരിക്തസ്യാന്യസ്യാപ്രകാശമാനസ്യ കാര്യത്ത്വാനുപപത്തേഃ.*

*'ഭോക്തൈവ ഭോഗ്യഭാവേന സദാ സർവ്വത്ര സംസ്ഥിതഃ.'*

ഇതി ഭഗവാനേവ തഥാ തഥാ ചകാസ്തീതി. ഏവം വിധം ത്വാമനുത്തരം സർവ്വസ്യ സ്വാത്മദേവതാസ്വരൂപം പരാഹന്താചമത്കാരസാരമപി ഗൃഹീതനാനാത്വമഥ ചാത്യന്താഖണ്ഡിതസ്വസ്വാതന്ത്ര്യപരമാദ്വയപ്രകാശസ്വഭാവം ഭഗവന്തം ശംഭും 'പ്രപദ്യേ' ശരീരാദികൃത്രിമാഹങ്കാരഗുണീകാരേണൈതാദൃശം ത്വാമേവ സ്വാത്മാനം പരാഹന്താചമത്കാരസ്വരൂപം സമാവിശാമീതി യാവത്. അനേന ഗ്രഹണകവാക്യേന പരമോപാ

ദേയാം സ്വസ്വഭാവ സമാവേശമയീം ദശാമുപദിശതാ 'ഗുരുണാ' വക്ഷ്യ മാണഹേയോപാദേയതയാ സകലഗ്രന്ഥാർത്ഥോപക്ഷേപഃ കൃതഃ.

*പരിഭാഷ* : ഇവിടെ സർവ്വപ്രഥമമായി തന്റെ യഥാർത്ഥ സ്വരൂപമാ യ ശിവനിൽ താദാത്മ്യം പ്രാപിക്കുന്നതിനായിക്കൊണ്ടുള്ള ആത്മസമർ പ്പണത്തെ പരാമർശിക്കുന്നു.

എല്ലാ പരിമിത പ്രമാതാക്കളെയും (ജീവന്മാരെയും) പ്രകാശിപ്പിക്കു ന്ന സാരമായതും സ്വാത്മാവുതന്നെ ദേവതയയുമായ (ശിവനും) ശംഭുവി നെയാണ് ശരണം പ്രാപിക്കുന്നതായി പറയുന്നത്. ഇതിനപ്പുറമായിട്ടുള്ള മറ്റൊരു ശ്രേയസ്സില്ലാത്തതുമായ സ്വഭാവത്തോടുകൂടിയതും സത്താമയമാ യ (ഉണ്മ) തുമാണ് ശംഭു. ശരണം പ്രാപിക്കുന്നു എന്നുവച്ചാൽ രക്ഷസ്ഥാ നമായതിനെ ആ ദേവതാസ്വരൂപമായിത്തീരുവാൻ സമാശ്രയിക്കുന്നു എന്നതാണ്. കാരികയിലെ 'ത്വാമേവ ശംഭും' എന്നതിലെ ഏവ എന്ന പദംകൊണ്ട് സ്വസ്വരൂപമായ ശംഭു എന്ന ദേവതാസ്വരൂപത്തെ തന്നെ യാണ് ശരണം പ്രാപിക്കുന്നത്, അതല്ലാതെ തന്നിൽനിന്നു ഭിന്നമായ മാ യാതത്ത്വത്തിനുള്ളിലുള്ള ഒരു ദേവതയെ അല്ല എന്നു വ്യക്തമാക്കുന്നു.

പിന്നെ എങ്ങനെയുള്ളതാണ്. പരമാണ്. പൂർണ്ണം എന്നർത്ഥം. അ തുപോലെ പരസ്ഥനമാണ്. അതായത് ചിദ് ആനന്ദം ഇച്ഛാ, ജ്ഞാനം, ക്രിയ എന്നീ ശക്തികളാൽ അതിശയിക്കുന്നതും വിശ്വത്തിനും അതീത നായി നിലകൊള്ളുന്ന പൂർണ്ണസ്വരൂപത്തോടുകൂടിയവനും ഗഹനമായ മായാതത്ത്വത്തിനും ഉപരിയായ സ്ഥിതി ചെയ്യുന്നതും ശിവൻ, ശക്തി, സദാശിവൻ, ഈശ്വരൻ, ശുദ്ധവിദ്യ എന്നീ ശുദ്ധമാർഗ്ഗസ്വരൂപത്തിൽ സ്ഥിതിചെയ്യുന്നതുമാകുന്നു.

അതത് അവസ്ഥയാൽ പരിമിതത്വം എന്ന വൈചിത്ര്യത്തോടുകൂടി യതാണെങ്കിലും തന്റെ പരമായിട്ടുള്ള വിശ്വാതീതമെന്ന പൂർണ്ണസ്വരൂപ ത്തിൽനിന്ന് അതിന് ച്യുതി (വീഴ്ച) സംഭവിക്കുന്നില്ല. അതിപ്രകാരം പ റയപ്പെട്ടു സ്പന്ദശാസ്ത്രത്തിൽ,

*ജാഗ്രദാദി വിഭേദേഽപി തദഭിന്നേ പ്രസർപ്പതി*
*നിവർത്തതേ നിജാന്നൈവ സ്വരൂപാദുപലബ്ധൃതഃ.*

എന്ന് സ്പന്ദശാസ്ത്രം.

(ജാഗ്രദാദി അവസ്ഥകളിലൂടെ കടന്നുപോകുമ്പോഴും പരമബോധം ഒരിക്കൽപ്പോലും തന്റെ യഥാർത്ഥസ്വരൂപത്തിൽനിന്നും വ്യതിചലിക്കു ന്നില്ല.)

അനാദിയും പ്രപഞ്ചത്തിൽ ഉണ്ടായിട്ടുള്ള സകലവസ്തുക്കളുടെയും

ഭോക്താവ് എന്ന സ്വരൂപത്തോടുകൂടിയവനാകയാൽ പലവിധത്തിലുള്ള രുദ്രക്ഷേത്രജ്ഞരൂപത്തിലുള്ള ഗുഹകളിൽ വസിക്കുന്നവനും സ്വന്തം സ്വാതന്ത്ര്യശക്തിയാൽ ജഡമായതും ജഡമല്ലാത്തതുമായ വിവിധ വസ്തുക്കളിൽ പ്രമാതൃപ്രമേയരൂപത്താൽ ഒരു നടനെപ്പോലെ വിലസുന്നവനും, ഏകനും, വിവിധ വസ്തുക്കളായിത്തീർന്നിട്ടുള്ളതും ശിവൻതന്നെയാണെന്നുള്ളതിനാൽ ഏകനായതും[4] സർവ്വാലയവും പ്രമാതൃപ്രമേയ (subject, object) രൂപങ്ങളായിത്തീർന്നിരിക്കുന്ന സർവ്വഭൂതങ്ങൾക്കും നിവാസസ്ഥാനവും[5] പ്രപഞ്ചത്തിലെ സർവ്വചരാചരങ്ങളിലും വർത്തിക്കുന്നവനും, ജഗത്തിന്റെ നിർമ്മാതാവും നിർമ്മിതിയായ ജഗത്തും ശിവൻതന്നെയാണെന്ന ന്യായത്താൽ ശിവനിൽനിന്നും ഭിന്നമായ ഒരു വസ്തുവിന്റെ സാന്നിദ്ധ്യം ഇല്ല.[6]

ഭോക്താവുതന്നെ ഭോഗ്യമായി എല്ലായ്പ്പോഴും എല്ലായിടത്തും സ്ഥിതിചെയ്യുന്നു. ഇങ്ങനെ അനുത്തരമായി സകലവസ്തുക്കളുടെയും ആത്മദേവതാ സ്വരൂപമായിരിക്കുന്നതും പരമമായ അഹന്താചമത്കാരരൂപമായിരിക്കെത്തന്നെ നാനാവസ്തുക്കളായി പരന്നുകിടക്കുന്ന അഖണ്ഡമായ സ്വാതന്ത്ര്യശക്തിയോടുകൂടിയതുമായ 'ശംഭുവിനെത്തന്നെ ശരണം പ്രാപിക്കുന്നു' എന്നു വരുന്നു. ശരീരം, ഇന്ദ്രിയം, മനസ്സ്, ബുദ്ധി, അഹങ്കാരം എന്നിവയോടുകൂടിയ അപൂർണ്ണനായ 'ഞാൻ' എന്ന ഭാവം തന്റേതന്നെ യഥാർത്ഥ രൂപമായ പൂർണ്ണബോധത്തിൽ സമാവേശിക്കുന്നു എന്നർത്ഥം.

ഈ സംക്ഷേപവ്യാക്യത്താൽ സ്വസ്വരൂപാനുസന്ധാനം എന്ന പ്രധാന ധർമ്മത്തെ പ്രസ്താവിക്കുന്നതിലൂടെ ഈ ഗ്രന്ഥത്തിൽ ഇനി പറയുവാനിരിക്കുന്ന സ്വീകാര്യവും വർജ്ജ്യവുമായ വിഷയങ്ങൾ ഗ്രന്ഥകാരനാൽ പ്രതിപാദിക്കപ്പെട്ടു.

(തുടരും)

---

4. ഭാരതീയ സംസ്കാരത്തിന്റെ മുഖമുദ്രയായി പറയപ്പെടുന്ന 'ഏകത്ത്വത്തിലെ നാനാത്ത്വം' 'നാനാത്ത്വത്തിലെ ഏകത്ത്വം' ഇവ രണ്ടും ശിവാദ്വയവാദത്തിലധിഷ്ഠിതമാണ് എന്ന് ഈ അവസരത്തിൽ സ്മരിച്ചുകൊള്ളട്ടെ
5. പ്രപഞ്ചത്തിലെ സകല വസ്തുക്കളിലും പ്രമാതൃതാസ്വരൂപമുണ്ടെന്നത് ഇവിടെ പ്രസ്താവിച്ചിരിക്കുന്നു. ഇതുപ്രകാരം ജഡങ്ങളെന്നു കരുതപ്പെടുന്ന കല്ല്, മണ്ണ്, വൃക്ഷലതാദികൾ, നദികൾ ഇവകളിലും ജീവനായി പരമബോധം നിലനില്ക്കുന്നു എന്നുള്ളതിനാൽ ഇവയെ ആരാധിക്കുകയും ഇവയുമായി സംവദിക്കുകയും ചെയ്യുന്നത് അജ്ഞാനത്തിന്റെയോ ഭ്രാന്തിയുടെയോ ഫലമായിട്ടല്ല, മറിച്ച് ഉയർന്ന രീതിയിലുള്ള തിരിച്ചറിവിന്റെ (പ്രത്യഭിജ്ഞ)

ഫലമായിട്ടാണ് എന്നത് ഇവിടെ മനസ്സിലാക്കേണ്ടതാണ്. ഭാരതീയ തത്ത്വാധിഷ്ഠിതമായ 'ആരാധന' ഈ കാഴ്ചപ്പാടിൽനിന്നും ഉയിർകൊണ്ടതാണ്.

6. *നീയല്ലോ സൃഷ്ടിയും സ്രഷ്ടാവായതും സൃഷ്ടിജാലവും*
*നീയല്ലോ ദൈവമേ സൃഷ്ടിക്കുള്ള സാമഗ്രിയായതും.*
(ശ്രീനാരായണഗുരുദേവന്റെ ദൈവദശകം, ശ്ലോകം 5)
ശ്രീനാരായണഗുരുദേവകൃതിയിലെ ഈ ശ്ലോകം വ്യക്തമായ പരമാദ്വയ സ്വാധീനത്തെ കാണിക്കുന്നു.)

---

ഔഷധസസ്യങ്ങൾ -19

# ഉഴിഞ്ഞ

ഉണ്ണികൃഷ്ണൻ കിഴുത്താനി ഫോൺ 0480 2832108

ദശപുഷ്പത്തിൽപ്പെടുന്ന ഉഴിഞ്ഞ വർഷം മുഴുവൻ പുഷ്പിയ്ക്കുന്ന വള്ളിസസ്യമാണ്. പലവിധ രോഗങ്ങൾക്കും ഉപയോഗിയ്ക്കുന്നു. 'സാപിൻഡേസി' കുടുംബത്തിൽപ്പെട്ട ഉഴിഞ്ഞയുടെ ശാസ്ത്രനാമം 'കാർഡിയോസ്പെർമംഹലി കാബം' എന്നാണ്. സംസ്കൃതത്തിൽ ഇന്ദ്രവല്ലി, 'ചക്രലത' തുടങ്ങിയ പേരുകളുമുണ്ട്. കേരളത്തിൽ സാർവ്വത്രികമായി കണ്ടുവരുന്നു. ഇതിന്റെ ഔഷധയോഗ്യഭാഗങ്ങൾ പൊതുവെ സമൂലമായും, ഇല, വിത്ത്, വേര് ഇവ തനിച്ചും ഉപയോഗിക്കുന്നു.

ഔഷധ ഗുണങ്ങളിലേയ്ക്ക് കടന്നാൽ മലം അയഞ്ഞുപോകാൻ സഹായിക്കുന്നു. മൂത്രളമാണ്. പനി ശമിപ്പിയ്ക്കുന്നു. തലമുടിയിലെ അഴുക്ക് നീക്കം ചെയ്യുന്നു. മുടി നീണ്ടിടംപെട്ട് വളരാനും സഹായിയ്ക്കുന്നു. വാതഹരമാണ്. നീര് വറ്റിപ്പോകാൻ സഹായിയ്ക്കുന്നു. മലബന്ധം, വയറുവേദന എന്നീ അസുഖങ്ങൾക്ക് ഉഴിഞ്ഞ സമൂലമെടുത്ത് കഷായംവെച്ച് 30 മി. ലി. വീതം ദിവസം രണ്ടുനേരം തുടർച്ചയായി രണ്ടോ മൂന്നോ ദിവസം സേവിച്ചാൽ മതി. വാതരോഗത്തിനും ഇതേ കഷായംതന്നെ ഉപയോഗിക്കാം. പത്തോ, പന്ത്രണ്ടോ ദിവസം തുടർച്ചയായി ഉപയോഗിയ്ക്കണമെന്നുമാത്രം. 'വൃഷണ' വീക്കത്തിന് ഉഴിഞ്ഞയുടെ ഇല അരച്ച് പുരട്ടിയാൽ മതി.

ഉഴിഞ്ഞ ഇല വെള്ളത്തിലിട്ട് താളിയാക്കിപ്പതപ്പിച്ച് തല കഴുകിയാൽ നല്ല കുളർമ്മയും മുടി ശുദ്ധമായും ലഭിയ്ക്കും. തലയോട്ടിയുടെ ഉറ

പ്പിന്നും അതുവഴി നീർദോഷമടക്കമുള്ള എല്ലാ അസുഖങ്ങൾക്കും കൈകണ്ട ഔഷധവുമാണ്. ഉഴിഞ്ഞ ഇല കൽക്കനം, സ്വരസവുമാക്കി എണ്ണ കാച്ചി തലയിൽ തേച്ചുപിടിപ്പിച്ച് കുളിച്ചാൽ ധാരാളമായി മുടി ഉണ്ടാകും. ഇതിന്റെ ഇല ആവണക്കെണ്ണയിൽ വേവിച്ച് അരച്ചുപുരട്ടിയാൽ വാതം, നീര്, സന്ധികളിലുണ്ടാകുന്ന വേദനയോടുകൂടിയ നീര് ഇവയെല്ലാം ശമിയ്ക്കും. ആർത്തവ സംബന്ധമായ അസുഖത്തിന് ഉഴിഞ്ഞ ഇല വറുത്തരച്ച് കുഴമ്പാക്കി ആ ദിവസങ്ങളിൽ അടിവയറ്റിൽ തോരെത്തോരെ പുരട്ടിയാൽ ശമനം കിട്ടും.

(തുടരും)

---

ശ്രീ ഉത്പലദേവാചാര്യൻ രചിച്ച

# ശിവസ്തോത്രാവലി

(ക്ഷേമരാജ ഭാഷ്യസഹിതം)

മുരളീകൃഷ്ണൻ എം.പി.

ഗവേഷക വിദ്യാർത്ഥി, ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി.

ഭാരതീയ ദാർശനികശാസ്ത്രങ്ങളിലെ ഏറ്റവും പ്രധാനപ്പെട്ട ദർശനങ്ങളിൽ ഒന്നായ കാശ്മീര-ശൈവ-തന്ത്രത്തിലെ ആദ്യകാല ആചാര്യന്മാരിൽ ഒരാളാണ് ശ്രീ ഉത്പലദേവൻ. വളരെ കുറച്ച് വിവരങ്ങൾ മാത്രമേ ശ്രീ ഉത്പലദേവാചാര്യനെ കുറിച്ച് ലഭ്യമായിട്ടുള്ളൂ. ക്രി.പി. 900-950 കാലഘട്ടത്തിൽ കാശ്മീരിൽ ശ്രീനഗറിനടുത്ത് നൗഹട്ട എന്ന സ്ഥലത്ത് ജീവിച്ചിരുന്ന ശ്രീ ഉദയനന്റെ മകനായിരുന്ന മഹാപണ്ഡിതനും മഹാമനീഷിയും പ്രത്യഭിജ്ഞാദർശനത്തിന്റെ പ്രയോക്താവുമായ ശ്രീ ഉത്പലദേവാചാര്യൻ. കാശ്മീര-ശൈവ-തന്ത്രത്തിന്റെ ആദ്യകാല ആചാര്യനും 'ശിവദൃഷ്ടി' എന്ന കാശ്മീര-ശൈവ ഗ്രന്ഥത്തിന്റെ രചയിതാവുമായ ശ്രീ സോമാനന്ദന്റെ ശിഷ്യനായിരുന്ന ശ്രീ ഉത്പലദേവൻ. ശ്രീ സോമാനന്ദനാഥൻ മുന്നോട്ടുവച്ച പ്രത്യഭിജ്ഞാദർശനത്തിൽ ആകൃഷ്ടനായ ഉത്പലദേവൻ പ്രത്യഭിജ്ഞാദർശനത്തിന്റെ പൊരുൾ കാരികാരൂപത്തിൽ 'ഈശ്വരപ്രത്യഭിജ്ഞാ-കാരിക' എന്ന ഗ്രന്ഥം രചിച്ചു. പ്രത്യഭിജ്ഞാദർശനത്തിന്റെ അടിസ്ഥാനമായ ഈ ഗ്രന്ഥം, ശ്രീ ഉത്പലദേവൻ സ്വപുത്രനായ ശ്രീ വിഭ്രമകരന്റെ പ്രചോദനംകൊണ്ടാണ് കാരികാരൂപ

ത്തിൽ രചിച്ചതെന്ന് പറയപ്പെടുന്നു.

ശ്രീ ഉത്പലദേവാചാര്യന്റെ മറ്റൊരു പ്രധാനപ്പെട്ട ഗ്രന്ഥമാണ് 'ശിവസ്തോത്രാവലി'. ശ്രീ ഉത്പലദേവന്റെ കാവ്യാത്മക ശൈലിയിലുള്ള രചനകളെ അദ്ദേഹത്തിന്റെ ശിഷ്യന്മാരായ ശ്രീരാമനും ആദിത്യരാജനും ചേർന്ന് ഒന്നിപ്പിച്ചു. അതിനുശേഷം പണ്ഡിതനായ ശ്രീ വിശ്വാവർത്തൻ ഈ രചനകളെ ഇരുപത് സ്തോത്രങ്ങളായി വിഭജിച്ചു. അനന്തരം മഹത്തായ ഈ ഗ്രന്ഥം 'ശിവസ്തോത്രാവലി' എന്ന നാമത്തിൽ അറിയപ്പെട്ടു. ശിവസ്തോത്രാവലി എന്ന ഗ്രന്ഥത്തിന് ഉത്പലദേവാചാര്യന്റെ ശിഷ്യപരമ്പരയിലെ മൂന്നാമത്തെ തലമുറയായ (ഉത്പലദേവൻ-ലക്ഷ്മണഗുപ്തൻ-അഭിനവഗുപ്തൻ-ക്ഷേമരാജൻ) ശ്രീ രാജാനക ക്ഷേമരാജൻ ഭാഷ്യം രചിച്ചു.

10-ാം നൂറ്റാണ്ടിന്റെ അവസാന പാദത്തിലും 11-ാം നൂറ്റാണ്ടിന്റെ ആദ്യപാദങ്ങളിലുമായി ജീവിച്ചിരുന്നു എന്നു കരുതപ്പെടുന്ന മഹാപണ്ഡിതനും ദാർശനികനും  പ്രത്യഭിജ്ഞാവാദിയുമായ ശ്രീ. ക്ഷേമരാജൻ, കാശ്മീര-ശൈവ-തന്ത്രത്തിലെ മഹാപണ്ഡിതനും മഹാമനീഷിയും മഹാപ്രതിഭയും മഹാദാർശനികനുമായ ശ്രീ. അഭിനവഗുപ്താചാര്യന്റെ ശിഷ്യനായിരുന്നു. 'പ്രത്യഭിജ്ഞാഹൃദയം' എന്ന ഗ്രന്ഥത്തിന്റെ രചയിതാവായ ശ്രീ ക്ഷേമരാജൻ ഒട്ടനവധി കാശ്മീര-ശൈവഗ്രന്ഥങ്ങൾക്ക് ഭാഷ്യവും രചിച്ചിട്ടുണ്ട്.

ശ്രീ. ക്ഷേമരാജന്റെ ഭാഷ്യത്തോടുകൂടിയതും ശ്രീ. ഉത്പലദേവാചാര്യൻ രചിച്ചതുമായ 'ശിവസ്തോത്രാവലി' എന്ന ഗ്രന്ഥത്തിന്റെ മലയാള പരിഭാഷയാണ് ജ്ഞാനോത്സുകർക്കുവേണ്ടി ഇവിടെ തുടങ്ങുന്നത്.

## ശിവസ്തോത്രാവലി

*ഉദ്ധരത്യന്ധതമസാദ്വിശ്വമാനന്ദവർഷിണീ*[1]
*പരിപൂർണ്ണാ ജയത്യേകാ ദേവീ ചിച്ചന്ദ്രചന്ദ്രികാ*
*അഭ്യർത്ഥിതോസ്മി*[2] *ബഹുഭിർബഹുശോ ഭക്തിശാലിഭിഃ*
*വ്യാകരോമി മനാക് ശ്രീമത്പ്രത്യഭിജ്ഞാകൃതഃ സ്തുതിഃ*

ഇരുട്ടിൽനിന്നും ഈ വിശ്വത്തെ ഉദ്ധരിക്കുന്നവളും (വെളിച്ചത്തിലേക്ക് നയിക്കുന്നവളും) വിശ്വം മുഴുവൻ ആനന്ദത്തെ വർഷിക്കുന്നവളും പരിപൂർണ്ണയും അറിവാകുന്ന നിലാവുമായ ഈ ദേവി വിജയിക്കട്ടെ.

1. ആനന്ദകാരിണീ എന്ന് ഒരു പാഠം ഉണ്ട്.
2. അത്യർത്ഥിതോസ്മി എന്ന് ഒരു പാഠം ഉണ്ട്.

ധാരാളം ഭക്തന്മാർ പലപ്പോഴായിട്ടുള്ള എന്നോട് നടത്തിയ അഭ്യർത്ഥനയെ മാനിച്ച് ശ്രീപ്രത്യഭിജ്ഞാകർതൃകൃതമായ ഈ സ്തുതികളെ എന്നാൽ കഴിയുംവിധം ചെറുതായി ഞാൻ ഇവിടെ വ്യാഖ്യാനിക്കുന്നു.

ഈശ്വരപ്രത്യഭിജ്ഞാകാരോ വന്ദ്യാഭിധാനഃ ശ്രീമദുത്പലദേവാചാര്യോ/സ്മത്പരമേഷ്ഠീ സതതസാക്ഷാത്കൃതസ്വാത്മമഹേശ്വരഃ സ്വം രൂപം തഥാത്വേന പരാമൃഷ്ടമർത്ഥിജനാനുജിഘൃക്ഷയാ സംഗ്രഹസ്തോത്ര ജയസ്തോത്രഭക്തിസ്തോത്രാണ്യാഹ്നികസ്തുതിസൂക്താനി ച കാനിചിന്മുക്തകാന്യേവ ബബന്ധ. അഥ കദാചിത്താനി ഏവ തദ്വ്യാമിശ്രാണി ലബ്ധ്വാ ശ്രീരാമ ആദിത്യരാജശ്ച പൃഥക് പൃഥക് സ്തോത്രശയ്യായാം ന്യവേശയത്. ശ്രീ. വിശ്വാവർത്തസ്തു വിംശത്യാ സ്തോത്രൈഃ സ്വാത്മോപ്രേക്ഷിത നാമഭിർവ്യവസ്ഥാപിതവാനിതി കില ശ്രൂയതെ. തദേതാനി സംഗ്രഹാദി സ്തോത്രാണി സൂക്താന്യേവ പ്രസിദ്ധവാർതികശയ്യോപാരൂഢാനി സ്പഷ്ടം വ്യാകുർമഃ.

ഈശ്വരപ്രത്യഭിജ്ഞാകാരനും അഭിവന്ദ്യനും എന്റെ പരമഗുരുവും സദാസമയവും മഹേശ്വരൻ സ്വന്തം ആത്മാവിൽ സാക്ഷാത്ക്കരിച്ചവനുമായ ശ്രീ ഉത്പലദേവാചാര്യൻ തന്റെ രൂപത്തിൽതന്നെ അറിവാഗ്രഹിക്കുന്ന ജനങ്ങളെ അനുഗ്രഹിക്കുവാനുള്ള ആഗ്രഹത്താൽ അവർക്കായിക്കൊണ്ട് സംഗ്രഹസ്തോത്രം, ജയസ്തോത്രം, ഭക്തിസ്തോത്രം, ആഹ്നിക സ്തുതികൾ, സൂക്തങ്ങൾ ചില മുക്തകങ്ങൾ എന്നിവയും രചിച്ചു. അനന്തരം ഒരിക്കൽ ശ്രീരാമനും ആദിത്യരാജനും ചേർന്ന് കൂടികലർന്നിരുന്ന ഈ സ്തോത്രങ്ങളെ പ്രത്യേകംപ്രത്യേകം സ്തോത്രരൂപത്തിൽ വിന്യസിച്ചു. ശ്രീ വിശ്വാവർത്തൻ ആകട്ടെ ഇരുപത് സ്തോത്രങ്ങളിലൂടെ തന്റെ മനസ്സിൽ ഉടലെടുത്ത നാമങ്ങളെകൊണ്ട് ഇവകളെ വ്യവസ്ഥാപിതമാക്കി എന്നും കേൾക്കുന്നു. ഇതിൽ ചില സംഗ്രഹസ്തോത്രങ്ങളെയും സൂക്തങ്ങളെയും പ്രസിദ്ധ വാർത്തിക രൂപത്തിൽ ഇവിടെ സ്പഷ്ടമായി വ്യാഖ്യാനിക്കുന്നു.

മോക്ഷലക്ഷ്മീസമാശ്ലേഷരസാസ്വാദമയസ്യ പരമേശ്വരസമാവേശസ്യൈവ പരമോപാദേയതാം ദർശയിതും പരമേശ്വസ്വരൂപാവിഭിന്നതത്സമാവിഷ്ടഭക്തജനസ്തുതിക്രമേണ സ്തോത്രമാഹ

മോക്ഷം, ഐശ്വര്യം എന്നിവ കനിഞ്ഞനുഗ്രഹിച്ച രസാസ്വാദനത്തോട്ടുകൂടിയതും ശിവസായൂജ്യമായതുമായ ഉത്തമമായ ലാഭം സാധ്യമാക്കുവാൻ ശിവനിൽനിന്നു ഭിന്നമല്ലാത്തവരും എന്നാൽ ശിവസ്വരൂപമായവരുമായ സ്തുതികളെ ക്രമത്തിൽ സ്തോത്രരൂപത്തിൽ പറയുന്നു.

# കുട്ടികളുടെ വാല്മീകിരാമായണം  13

ഉണ്ണികൃഷ്ണൻ കിഴുത്താനി ഫോൺ : 0480 2832108

(ലോകത്തിലെ എല്ലാ കുട്ടികളുടേയും മാനസികാരോഗ്യത്തിനും മൂല്യബോധസംരക്ഷണത്തിനുമായി സമർപ്പിയ്ക്കുന്നു.)

(കഴിഞ്ഞലക്കം തുടർച്ച)

രാജ്യാധികാരത്തേക്കാൾ ശ്രേഷ്ഠമാണ് സർവ്വ ചരാചരങ്ങൾക്കും നന്മ ഉദ്ദേശിച്ച് തപസ്സ ചെയ്യുന്നതെന്ന തത്ത്വം ലോകം മുഴുവൻ അംഗീകരിച്ച് ആദരിയ്ക്കുന്നതിന് ഈ സംഭവം വഴിയൊരുക്കി. മാത്രമല്ല, സർവ്വ ചരാചരങ്ങളിലും കുടികൊള്ളുന്നത് പരമകാരുണികനായ ദൈവത്തിന്റെ കണികകളാണെന്നും ഈ കണികകൾ ലോകത്തിന്റെ സമസ്ത ഐശ്വര്യങ്ങൾക്കുമായി വിനിയോഗിയ്ക്കുകയാണെങ്കിൽ, യാതൊരു ശക്തിയ്ക്കും കീഴ്പ്പെടുത്താനാകില്ലെന്നും ശക്തമായ തെളിവു നല്കുന്നു. അധികാരഗർവ്വും താൻപോരിമയും അജയ്യനാണെന്ന അഹങ്കാരവും താൻ നാളിതുവരെ നേടിയെടുത്തെന്നഭിമാനിച്ചിരുന്ന സർവ്വസ്വവും നിഷ്ഫലമായെന്ന നിരാശാബോധവും വീണ്ടുവിചാരവും വിശ്വാമിത്രനനുഭവപ്പെട്ടു. ശാശ്വതമായതെല്ലാം തന്നെ സംബന്ധിച്ചിടത്തോളം ഇനിയും നേടിയെടുക്കേണ്ടതാണെന്ന ചിന്ത അദ്ദേഹത്തെ കുറച്ചൊന്നുമല്ല അലട്ടിയത്. ഈ തിരിച്ചറിവാണ് വിശ്വാമിത്രനെ രാജർഷി പദവിയിലേയ്ക്ക് വഴി കാണിച്ചതെന്ന വാസ്തവം, ഇപ്പോൾ, ഈ ചരിത്രം വായിയ്ക്കുന്ന കൊച്ചുകൂട്ടുകാർ മനസ്സിലാക്കിക്കാണുമല്ലോ? യഥാർത്ഥ ഉദ്ദേശശുദ്ധിയാണ് ഏതു കർമ്മത്തേയും ഉൽകൃഷ്ടവും അധമവുമാക്കുന്നതെന്ന് വിശ്വാമിത്രചരിതം വ്യക്തമാക്കുന്നു. തുടർന്നുവരുന്ന സംഭവ പരമ്പരകളുടെ വികാസപരിണാമവും ഇതിലേയ്ക്കുതന്നെയാണ് വെളിച്ചം വീശുന്നത്. ഇതിഹാസങ്ങൾ മഴവില്ലിന്റെ ചാരുതയും അർത്ഥഗാംഭീര്യവും പകർന്നുതരുന്നതിന് നിരവധി ഉദാഹരണങ്ങൾ വാല്മീകിരാമായണത്തിൽ ദർശിയ്ക്കാം. ഈ ദർശനത്തിലൂടെ അന്നുവരെ അനുഭവപ്പെടാതിരുന്ന ഇന്ദ്രിയാനുഭൂതിയിൽ വായനക്കാരൻ ആകൃഷ്ടനാകുന്നു.

സമയം ഒട്ടും നഷ്ടപ്പെടുത്താതെ ഘോരതപസ്സനുഷ്ഠിച്ച് താൻ ആഗ്ര

ഹിച്ചതു നേടിയെടുക്കാനായി വിശ്വാമിത്രൻ ദക്ഷിണദിക്കു ലക്ഷ്യമാക്കി യാത്രയായി. ആയിരം വർഷത്തെ ഘോരവും അതികഠിനവുമായ തപസ്സിന്റെ പരിസമാപ്തിയിൽ സന്തുഷ്ടനായ ബ്രഹ്മദേവൻ പ്രത്യക്ഷപ്പെട്ട് അദ്ദേഹത്തോട് ഇപ്രകാരം പറഞ്ഞു: 'തപശ്ശക്തികൊണ്ട് നീ എല്ലാ പരീക്ഷണങ്ങളേയും അതിജീവിച്ച് രാജർഷിലോകങ്ങൾ നേടിയതുകൊണ്ടിതാ 'രാജർഷി' പദവി നല്കിയിരിയ്ക്കുന്നു. ഇതുകൊണ്ടും തൃപ്തനാകാതെ, തപസ്സിന്റെ പൂർണ്ണഫലം സിദ്ധിച്ചില്ലെന്ന നിരാശയിൽ വിശ്വാമിത്രൻ വീണ്ടും ഘോരഘോര തപസ്സാരംഭിച്ചു. ഇതിന്റെ ആഘാതത്തിൽ ചരാചരങ്ങളെല്ലാം പലവിധ പ്രയാസങ്ങൾക്കും അധീനരായി. തപശ്ചര്യയിൽ അദ്വിതീയനെങ്കിലും സാധാരാണ മനുഷ്യരിലെ ചില വിചാര-വികാരങ്ങൾ ചാരം മൂടിയ കനൽ കണക്കെ ആ മഹർഷിവര്യനിൽ ആധിപത്യം സ്ഥാപിച്ചിരുന്നു. സഹനം, ക്ഷമ ഇത്യാദി ലോകോത്തര ഗുണങ്ങൾക്ക് വിളനിലമാകേണ്ട മനസ്സിൽ സംശയവും അതിലേറെ സ്വാർത്ഥതയും സടകുടഞ്ഞെഴുന്നേല്ക്കുന്ന ചിത്രമാണ് നമ്മൾ കാണുന്നത്.

അക്കാലത്ത് പ്രശസ്തമായ ഇക്ഷ്വാകുവംശത്തിൽ സത്യസന്ധനും, ജനാഭിപ്രായപ്രകാരം ഭരണനിർവ്വഹണം നടത്തുന്ന 'ത്രിശങ്കു' എന്നൊരു രാജാവുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ഒരേയൊരാഗ്രഹം സ്വന്തം ശരീരത്തോടുകൂടി (മരിയ്ക്കാതെ) സ്വർഗ്ഗത്തിൽ എത്തണമെന്നതായിരുന്നു. ആഗ്രഹനിവർത്തിയ്ക്കായി വംശത്തിന്റെ കുലഗുരുവായ വസിഷ്ഠമഹർഷിയെ സമീപിച്ച് മഹായാഗത്തിന്നാവശ്യമായ ഒരുക്കങ്ങൾ നടത്തണമെന്നാവശ്യപ്പെട്ടു. ഇത് മനുഷ്യസാദ്ധ്യമല്ലെന്നും മരിയ്ക്കാത്തവർക്ക് സ്വർഗ്ഗത്തിൽ പ്രവേശനമില്ലെന്നുമുള്ള വാസ്തവമദ്ദേഹം രാജാവിനെ ധരിപ്പിച്ചു. പക്ഷേ, രാജപുരോഹിതന്റെ സത്യവാക്കുകൾക്കവിടെ യാതൊരു വിലയുമില്ലായിരുന്നു. അത്യാഗ്രഹിയായ രാജാവ് കാര്യസാദ്ധ്യത്തിന്നായി ദീർഘതപസ്സനുഷ്ഠിച്ചിരുന്ന വസിഷ്ഠപുത്രന്മാരെയാണ് പിന്നീട് സമീപിച്ചത്. പിതൃപുത്രബന്ധത്തിൽ വിള്ളൽ വരുത്തിയിട്ടായാൽപോലും കാര്യസാദ്ധ്യംമാത്രം. മനുഷ്യന്റെ യഥാർത്ഥ വ്യാമോഹങ്ങൾ പച്ചയായിട്ട് അവതരിപ്പിയ്ക്കുകയാണിവിടെ കൃതകൃത്യനായ വാല്മീകിമഹർഷി. ഉപദേശങ്ങൾക്കൊന്നും വഴങ്ങില്ലെന്ന് മനസ്സിലായ താപസർ വർദ്ധിച്ചകോപത്തോടെ ത്രിശങ്കുവിനെ അതികഠിനമായി ശാസിച്ചു. അസാദ്ധ്യമെന്ന വാസ്തവം തുറന്നുപറഞ്ഞ പുരോഹിത ശ്രേഷ്ഠനെ അവിശ്വസിയ്ക്കുകയും നിസ്സാരവൽക്കരിക്കുകയും ചെയ്ത രാജാവ് ഘോരപാപാനുഷ്ഠാനമാണ് ന

ടത്തിയിരിയ്ക്കുന്നതെന്നും ഭവിഷ്യത്തുകൾ ഭയനാകമായിരിക്കുമെന്നുമുള്ള മുന്നറിയിപ്പുകൾ വകവയ്ക്കാതെ കാര്യസാദ്ധ്യത്തിന്നായി മറ്റു മാർഗ്ഗങ്ങൾ തേടുമെന്ന ത്രിശങ്കുവിന്റെ ഒടുങ്ങാത്ത അത്യാഗ്രഹത്തിൽ പൊതിഞ്ഞ മറുപടി വസിഷ്ഠപുത്രന്മാരെ രോഷാകുലരാക്കി. 'നീ ചണ്ഡാളനായിപ്പോകട്ടെ!' എന്ന ശാപമാണവർ മറുപടിയായി നല്കിയത്. പുലർന്നപ്പോൾ മുതൽ മലിനവസ്ത്രധാരിയായി, ദുർമാർഗ്ഗചാരിയായി ദുർഭാഷണം നടത്തുന്ന ത്രിശങ്കുവിനെയാണ് രാജസദസ്സിലുള്ളവരും ജനങ്ങളും കണ്ടത്. ശാപമോക്ഷത്തിന്നായി മുനിപുത്രന്മാരെ സമീപിയ്ക്കണമെന്ന വേണ്ടപ്പെട്ടവരുടെ  വാക്കുകൾപോലും കേൾക്കാതെ, തന്റെ ദുരാഗ്രഹത്തിന്റെ സാഫല്യത്തിനായി പരിശ്രമിയ്ക്കുകയായിരുന്നു, അദ്ദേഹം. തെറ്റായ വഴികളിലൂടെ സഞ്ചരിച്ച് ഉയരങ്ങൾ കീഴടക്കാനാഗ്രഹിയ്ക്കുന്നവർക്കു മുമ്പിൽ ധർമ്മാ-ധർമ്മചിന്തകളോ സജ്ജനഭാഷണങ്ങളോ ഒരിയ്ക്കലും വിലപ്പോവുകയില്ലെന്ന് ഇതുപോലുള്ള സന്ദർഭങ്ങൾ നമ്മെ ബോദ്ധ്യപ്പെടുത്തുന്നു. 'അർഹിയ്ക്കാത്തത് ആഗ്രഹിയ്ക്കരുതെന്ന പാഠം' വാല്മീകി ഇവിടെ ഊട്ടി ഉറപ്പിയ്ക്കുന്നു. ഏതു വിധത്തിലും തന്റെ ലക്ഷ്യസ്ഥാനത്തെത്തുക എന്ന ഒരൊറ്റ ചിന്തമാത്രമേ ത്രിശങ്കുവിൽ അവശേഷിച്ചിരുന്നുള്ളു.

വസിഷ്ഠനും വിശ്വാമിത്രനും ബദ്ധശത്രുക്കളാണെന്നറിയാവുന്ന രാജാവ്, ഇതിൽനിന്നും പരമാവധി മുതലെടുക്കാനും നിശ്ചയിച്ചു. തപഃശക്തിയുടെ കാര്യത്തിലും ഇരുവരും ഏകദ്ദേശം തുല്യതയിലാണുതാനും. തന്റെ ആഗ്രഹം രസിച്ചെന്നു മാത്രമല്ല, ചണ്ഡാളന്റെ അവസ്ഥ സംഭവിച്ചതിന്നുത്തരവാദി കൂടിയാണ് വസിഷ്ഠനെന്ന് അതിദയനീയമായി ത്രിശങ്കു സന്ദർഭോചിതമായി വിശ്വാമിത്രനെ ബോദ്ധ്യപ്പെടുത്തി. എന്തു സംഭവിച്ചാലും ആഗ്രഹനിവർത്തി വരുത്താമെന്ന ഉറപ്പ് ലഭിച്ചതിനുശേഷമാണദ്ദേഹം മടങ്ങിയത്. ദൈവനിശ്ചയത്തിന്നപ്പുറം പ്രവർത്തിച്ചുകാണിച്ചാൽ തന്റെ വിജയവും വസിഷ്ഠന്റെ പരാജയവുമായി പേരെടുക്കാമെന്ന മിഥ്യാബോധവും വിശ്വാമിത്രനെ ഇക്കാര്യമേറ്റെടുക്കുന്നതിന് ഏറെ സ്വാധീനിച്ചു. ഇത്രമാത്രം കാലം ഘോരതപസ്സനുഷ്ഠിച്ചിട്ടും മനസ്സെന്ന മാന്ത്രികനെ കീഴടക്കാൻ കഴിയാത്ത സാധാരണക്കാരനെപ്പോലെ പ്രവർത്തിയ്ക്കുന്ന വിശ്വാമിത്രന്റെ സജീവ ചിത്രം വായനക്കാരന്റെ മനസ്സിൽ എക്കാലവും നിലനില്ക്കും.

(തുടരും)

# ലളിതാസഹസ്രനാമം (23)

എൽ. ഗിരീഷ്കുമാർ

(കഴിഞ്ഞലക്കം തുടർച്ച)

*39. ആജ്ഞാചക്രാന്തരാളസ്ഥാ രുദ്രഗ്രന്ഥിവിഭേദിനീ
സഹസ്രാരാംബുജാരൂഢാ സുധാസരാഭിവർഷിണീ*

*ആജ്ഞാചക്രാന്തരാളസ്ഥാ* = ആജ്ഞാചക്രത്തിന്റെ മദ്ധ്യത്തിൽ സ്ഥിതിചെയ്യുന്നവൾ.

മനുഷ്യന്റെ ഷഡാധാരങ്ങളിൽ ആജ്ഞാചക്രമെന്ന ആധാരത്തിൽ നമ്മുടെ ബോധം എത്തുമ്പോൾ ബോധസ്വരൂപിണിയായ ദേവിയെ ആജ്ഞാചക്രാന്തരാളസ്ഥാ എന്ന് വിളിക്കുന്നു.

കഴിഞ്ഞ നാമത്തിൽ വിഷ്ണുഗ്രന്ഥി എന്ന കെട്ടിനെ ഭേദിക്കുന്നവളായി പറഞ്ഞു. അത് നടക്കുന്നത് മണിപൂരകചക്രമെന്ന ആധാരത്തിൽ വച്ചാണ്. ഈശ്വരാനുഭൂതിയുടെ പ്രഥമതലം പ്രകാശദർശനമാണ്. ആ പ്രകാശദർശനമുണ്ടാകുമ്പോൾ അവനവൻ സ്വശരീരത്തിൽ ഒതുങ്ങികിടക്കുന്ന പരിമിതമായ ബോധമല്ല എന്നും ആ ശരീരത്തിൽനിന്നും പുറത്തേയ്ക്കു പരന്ന് ഈ ബ്രഹ്മാണ്ഡമാസകലം വ്യാപിച്ച് കിടക്കുന്ന ബോധമാണെന്നും തോന്നിത്തുടങ്ങും. പക്ഷേ, അവിടെയും സ്ഥലരൂപത്തിലുള്ള (space) ബോധമേ ആയിട്ടുള്ളൂ. കാലരൂപത്തിലുള്ള (time) ബോധം വന്നിട്ടില്ല. അതുകൊണ്ട് ഞാനീ ലോകമാസകലം വ്യാപിച്ച് കിടക്കുന്ന ബോധമാണെന്ന ആദ്ധ്യാത്മിക നേട്ടത്തിൽ അഭിരമിയ്ക്കുന്നു. ആ കെട്ടിനെ വിഷ്ണുഗ്രന്ഥിഭേദിനിയായ ലളിതാപരമേശ്വരി ഭേദിച്ച് നമ്മളെ അതിലും ഉയർന്ന തലത്തിലേയ്ക്ക് കൊണ്ടുപോകും. അതാണ് ഈ നാമത്തിൽ പറയുന്ന ലളിതാപരമേശ്വരി. ദേവി അടുത്ത ആധാരചക്രത്തിൽ നമ്മളെ കൊണ്ടെത്തിക്കും. അതായത് നമ്മുടെ ബോധം ആജ്ഞാചക്രത്തിന്റെ മദ്ധ്യത്തിലായി. നമ്മൾ എന്താഗ്രഹിച്ചാലും നടക്കും എന്ന അനുഭൂതി കൈവരും. അതായത് നമ്മുടെ ആഗ്രഹവും ആഗ്രഹസാധ്യവും (എന്ത് ആഗ്രഹിച്ചുവോ അതും) തമ്മിൽ ഉണ്ടായിരുന്ന സമയത്തിന്റേതായ വിടവ് ഇല്ലാതാകുന്നു. ആഗ്രഹിച്ച അടുത്ത ക്ഷണത്തിൽ അത് സാധിക്കും

എന്ന നില സമയത്തിന്റെ (time) തലത്തെയാണ് കാണിക്കുന്നത്. ഈ യൊരു അനുഭൂതിയും ഒരു കെട്ടായി (ബന്ധനം) നമുക്ക് ഭവിക്കും.

*രുദ്രഗ്രന്ഥിവിഭേദിനീ* = രുദ്രഗ്രന്ഥിയെ ഭേദിക്കുന്നവൾ.

രുദ്രൻ ശിവനാണ്. മാത്രമല്ല കാലകാലനാണ്. രുദ്രൻ കാലരൂപനു മാണ്. അപ്പോൾ സമയുവുമായി (time) ബന്ധപ്പെട്ടതാണ് രുദ്രൻ. വിചാരി ച്ചത് വിചാരിച്ച സമയത്തുതന്നെ നടക്കുന്ന ആദ്ധ്യാത്മികാനുഭൂതിയിൽ അഭിരമിച്ച് അതൊരു ബന്ധനമായി മാറുമ്പോൾ അതാണ് രുദ്രഗ്രന്ഥി. ആ ബന്ധനത്തിലകപ്പെട്ടാൽ ആദ്ധ്യാത്മികമായ മുന്നോട്ടുള്ള പ്രയാണ ത്തിന് തടസ്സമാകും. ഈ രുദ്രഗ്രന്ഥിയെ പിളർക്കുന്നവളാണ് ലളിതാ പരമേശ്വരി എന്നർത്ഥം. ആജ്ഞാചക്രം എന്ന ആധാരത്തിൽ നമ്മുടെ ബോധം സ്ഥിതി ചെയ്യുന്ന അവസ്ഥയാണ് ആജ്ഞയാൽ അഥവാ വിചാ രത്താൽ മാത്രം ക്ഷണനേരംകൊണ്ട് വിചാരിച്ചത് നടക്കുന്ന അനുഭൂതി. ആ അനുഭൂതിവിശേഷത്തിൽ വശ്യരായി അതിൽ കിടന്നുഴലുമ്പോൾ ആ ബന്ധനത്തെ പിളർക്കുന്നവളാണ് രുദ്രഗ്രന്ഥിവിഭേദിനീ.

*സഹസ്രാരാംബുജാരൂഢാ* = ആയിരം ദളങ്ങളുള്ള താമരയിൽ ആ രൂഢയായവൾ.

സാധനാപന്ഥാവിലൂടെ മുന്നോട്ട് പോകുമ്പോൾ സാധകന് പലപ ല തടസ്സങ്ങൾ ഉണ്ടാകും. അവയെയെല്ലാം നീക്കി സാധകനെ ദേവി മു ന്നോട്ടു കൊണ്ടുപോകും. തടസ്സങ്ങൾ മുൻനാമത്തിലൂടെ വ്യക്തമാക്കി. എ ങ്കിലും തന്ത്രത്തിൽ വിത്തേഷണ, ലോകേഷണ, ശാസ്ത്രേഷണ എന്നീ വേറെ മൂന്നു തടസ്സങ്ങളാകുന്ന കെട്ടുകളെപ്പറ്റിയും പറയുന്നു. പണം എത്ര കിട്ടിയാലും മതിവരാത്ത ധനാഗ്രഹം വിത്തേഷണയാകുന്നു. പ്രശസ്തി വേണമെന്ന ആഗ്രഹം ലോകേഷണയാകുന്നു. ആദ്ധ്യാത്മികശാസ്ത്രങ്ങൾ ഒന്നൊന്നായി പഠിച്ച് അതിൽതന്നെ അഭിരമിക്കുക എന്നത് ശാസ്ത്രേഷ ണയാകുന്നു. ഈ മൂന്നു കെട്ടുകളെയെല്ലാം മറികടന്നാലെ ദേവീദർശനം സാദ്ധ്യമാകുകയുള്ളൂ. നല്ല രൂപത്തിലും ചീത്തരൂപത്തിലും വരുന്ന തടസ്സ ങ്ങളെയെല്ലാം മറികടന്നാലെ ദേവീദർശനം സാധ്യമാകൂ. ഇവിടെയാണ് സഹസ്രാരാംബുജാരൂഢാ എന്ന നാമം പ്രസക്തമാകുന്നത്.

ആയിരം ദളങ്ങളുള്ള പദ്മത്തിൽ കയറിവളായിത്തീരും നമ്മുടെ ബോധം. 'മൂലാധാരത്തിൽനിന്ന് ഉദ്ഭവിച്ച്' 'ബ്രഹ്മഗ്രന്ഥിയെ ഭേദിച്ച്' 'മ ണിപൂരാന്തത്തിലെത്തി' അവിടെ 'വിഷ്ണുഗ്രന്ഥിയെ ഭേദിച്ച്' 'ആജ്ഞാച ക്രാന്തരാളസ്ഥയായി' അവിടെവച്ച് രുദ്രഗ്രന്ഥിയെ ഭേദിച്ച് അവസാനം നമ്മുടെ ബോധം സഹസ്രാരപദ്മത്തിലെത്തും. സഹസ്രാരപദ്മം എ

ന്നാൽ ബുദ്ധികോശങ്ങൾ മുഴുവൻ വികസിച്ച അവസ്ഥയാണ്. ന്യൂറോൺ മുഴുവൻ പ്രവർത്തിച്ചാലുണ്ടാവുന്ന ബോധമാണ് വിടർന്ന സഹസ്രാരാംബുജാരൂഢാ എന്നതുകൊണ്ട് വിവക്ഷിക്കുന്നത്.

മാത്രമല്ല മൂലാധാരസ്ഥിതയായവളും മണിപൂരാന്തരുദിതയായവളും ആജ്ഞാചക്രാന്തരാളസ്ഥയായവളുമായ ദേവി സഹസ്രാരാംബുജാരൂഢയായ ലളിതാപരമേശ്വരീ തന്നെ. കൈകുമ്പിളിലെടുത്ത സാഗരജലവും സാഗരംതന്നെ എന്നപോലെ പരിമിതയും മൂലാധാരസ്ഥിതയും മണിപൂരാന്തരുദിതയും ആജ്ഞാചക്രാന്തരാളസ്ഥയുമായ അളക്കപ്പെടുന്ന ദേവി ആ സാക്ഷാത് ലളിതാപരമേശ്വരി തന്നെ. ഏതേത് അവസ്ഥയിൽ നമ്മുടെ ബോധം നിന്നാലും നമ്മുടെ ബോധം അപ്പോൾ പരിമിതമായതാണെങ്കിലും (limited) ആ അപരിമിതമായ ലളിതാപരമേശ്വരിയുടെ ബോധം തന്നെ. അപരിമിതയായ ലളിതാപരമേശ്വരീ എന്ന ബോധാവസ്ഥയെയാണ് സഹസ്രാരാംബുജാരൂഢാ എന്ന നാമംകൊണ്ട് ഉദ്ദേശിക്കുന്നത്.

(തുടരും)

## മാന്യ വായനക്കാരുടെ ശ്രദ്ധയ്ക്ക്

2018 ജനുവരി-മാർച്ച് ലക്കം മുതൽ ശാംഭവിയുടെ വരിസംഖ്യ 100/- രൂപയായി നിശ്ചയിച്ചിരിക്കുന്നു. എല്ലാ മാന്യ വായനക്കാരും വരിസംഖ്യ പുതുക്കി സഹകരിക്കുവാൻ അഭ്യർത്ഥിക്കുന്നു. വായനക്കാർക്കെല്ലാം 2018-ലേക്ക് സ്വാഗതം ആശംസിക്കുന്നു.



RNI Registration Number – KERMAL/2012/56910

ഞങ്ങളുടെ വെബ്സൈറ്റിൽ
(www.shripuram.org)
നിന്നും സൌജന്യമായി ഡൌൺലോഡ്
ചെയ്യാവുന്ന തന്ത്രഗ്രന്ഥങ്ങൾ

**തന്ത്രസമുച്ചയം**
(വിവരണം വിമർശിനി
വ്യാഖ്യാനസഹിതം, ദേവനാഗരി ലിപി)

**തന്ത്രസമുച്ചയം**
(മലയാള വ്യാഖ്യാനം)

**ശേഷസമുച്ചയം**
(വിമർശിനി വ്യാഖ്യാനത്തോട് കൂടിയത്,
ദേവനാഗരി ലിപി)

**കലശചന്ദ്രിക**

Printed and Published by Sreekanth.C, owned by Shripuram Publications and printed at MAMA offset print, Irinjalakkuda, Thrissur, and published at Thrissur, address: Shripuram Publications, Madayikkonam,post,Irinjalakkuda,Thrissur, Kerala,680712. Editor: D.Prakash